VOL NO: 10 I ISSUE 06

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 FEBRUARY 07 I ₹10



# വാലന്റൈൻസ് ഡേ; ചരിത്രവും ഇസ്‌ലാമിക വീക്ഷണവും

മധ്യകാല യൂറോപ്പിലെ ഒരു കാൽപനിക കാവ്യസങ്കൽപം വർത്തമാനകാല മുതലാളിത്ത വിപണന കേന്ദ്രത്തിന്റെ ട്രംപ് കാർഡായി പരിണമിച്ചതിന്റെ മൂർത്ത ഉദാഹരണമാണ് ഇന്ന് കാണുന്ന വാലന്റൈൻസ് ഡേ ആഘോഷം. മനുഷ്യന്റെ മൃദുല വികാരങ്ങളെ വിറ്റ് കാശാക്കാനുള്ള മാർക്കറ്റിംഗ് ടെക്നിക്കുകൾക്ക് പടിഞ്ഞാറ് മാത്രമല്ല, 'പ്രക്ഷുബ്ധ ക്യാമ്പസ് യൗവന'ങ്ങളിലും ഇടമുണ്ടെന്ന് തെളിയിച്ച വർഷങ്ങളാണ് കടന്നുപോയത്.

**ചൈനയുടെ കണ്ണുനീർ; ലോകത്തിനുള്ള മുന്നറിയിപ്പ്!**

**പൊതുവിടങ്ങളിലെ വ്ളോഗിംഗ് ശല്യങ്ങൾ**

**തിരഞ്ഞെടുപ്പ് പ്രചാരണരീതി; കാലികമായ മാറ്റം അനിവാര്യം**

**റൈഹാൻ ഷഹീദ് ● ടി.കെ അശ്‌റഫ് ● യൂസുഫ് സാഹിബ് നദ്‌വി**


വിസ്ഡം ബാലവേദി
"റമദാൻ ക്വസ്റ്റ്" പുസ്തകവും
"റയ്യാൻ സൂപ്പർസ്റ്റാർ" ഡെയിലി പ്ലാനറും
പുറത്തിറങ്ങി
WISDOM ബാലവേദി
WISDOM students
Ramadan Quest
Level Up Your Deen
Rayyan Superstar
₹70
കൊറിയർ ആയി പുസ്തകം &
പ്ലാനർ ലഭിക്കാൻ: 8156812292
ക്വുർആൻ
വിജ്ഞാന പരീക്ഷ
2026 March 08
KIDS
12 വയസ്സ് വരെയുള്ള കുട്ടികൾക്ക്
Syllabus: Ramadan Quest
Contact 8156812292
REGISTRATION
Prizes Worth
₹ 50K

472
നേർപഥം വാരിക
2026 ഫെബ്രുവരി 07
1447 ശഅ്ബാൻ 19
പുസ്തകം 10 / ലക്കം 06




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി



## 10 വാലന്റൈൻസ് ഡേ; ചരിത്രവും ഇസ്‌ലാമിക വീക്ഷണവും

റൈഹാൻ ഷഹീദ്

മധ്യകാല യൂറോപ്പിലെ ഒരു കാൽപനിക കാവ്യസങ്കൽപം വർത്തമാനകാല മുതലാളിത്ത വിപണന കേന്ദ്രത്തിന്റെ ട്രംപ് കാർഡായി പരിണ മിച്ചതിന്റെ മൂർത്ത ഉദാഹരണമാണ് ഇന്ന് കാണുന്ന വാലന്റൈൻസ് ഡേ ആഘോഷം. മനുഷ്യന്റെ മൃദുല വികാരങ്ങളെ വിറ്റ് കാശാക്കാനുള്ള മാർക്കറ്റിംഗ് ടെക്നിക്കുകൾക്ക് പടിഞ്ഞാറ് മാത്രമല്ല, 'പ്രക്ഷുബ്ധ ക്യാമ്പസ് യൗവന'ങ്ങളിലും ഇടമുണ്ടെന്ന് തെളിയിച്ച വർഷങ്ങളാണ് കടന്നുപോയത്.

**05** മുഖമൊഴി
പണ്ഡിതന്മാർ; ആദർശത്തിന്റെ കാവൽഭടന്മാർ

**06** ലേഖനം
മുസ്‌ലിംകളും വൈദ്യശാസ്ത്ര പുരോഗതിയും
ഡോ. ടി. കെ. യൂസുഫ്

**09** കവിത
അവസാന യാത്രക്കു മുമ്പ്
ഹുസ്ന മലോറം

**17** നിരീക്ഷണം
തിരഞ്ഞെടുപ്പ് പ്രചാരണരീതി; കാലികമായ മാറ്റം അനിവാര്യം
സിഎൻ ഷുഹൈബ്, മാതാംകുളം

**18** ലേഖനം
ഇസ്‌ലാമിനെ രാഷ്ട്രീയവത്കരിച്ചതിന്റെ അപകടങ്ങൾ
മുഹമ്മദ് അമീൻ

**21** ചിന്താപഥം
ചൈനയുടെ കണ്ണുനീർ; ലോകത്തിനുള്ള മുന്നറിയിപ്പ്!
ടി.കെ അശ്റഫ്

**22** ലേഖനം
പൊതുവിടങ്ങളിലെ വ്‌ളോഗിംഗ് ശല്യങ്ങൾ
നബീൽ പയ്യോളി

**24** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിവർത്തനം
ഇസ്‌ലാമും ക്രൈസ്തവതയും
പരിഭാഷ: ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ

**30** കഥ
തെറ്റുകൾക്ക് ദുർഗന്ധമുണ്ടായിരുന്നെങ്കിൽ...!
നസീമ വാടാനപ്പള്ളി

**32** ലേഖനം
സർഗവസന്തം: കലയുടെ ചന്തം
ഉമ്മു റൈഹാൻ

**34** ബാലപഥം
ഉമ്മ
ശാക്കിറ.ടി.കെ, കൊല്ലം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ജാമിഅ അൽഹിന്ദ് പ്രതിനിധിസമ്മേളനം സമാപിച്ചു

മലപ്പുറം: മിനി ഊട്ടിയിൽ ഈ മാസം ആറ്, ഏഴ്, എട്ട് തീയതികളിലായി നടക്കുന്ന ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ സനദ്ദാന സമ്മേളനത്തിന്റെ ഭാഗമായുള്ള 'അൽ ഇഹ്കാം' പ്രതിനിധി സമ്മേളനം സമാപിച്ചു. ശനി, ഞായർ ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ ഈ വർഷം സനദ് സ്വീകരിക്കുന്ന മുഴുവൻ വിദ്യാർഥികളും പങ്കെടുത്തു. വിദ്വേഷ പരാമർശങ്ങൾ ഒരു സമൂഹത്തിനും ഗുണകരമല്ലെന്നും വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തുമെന്നും അൽ ഇഹ്കാം അഭി പ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റും ജാമിഅ: ചെയർമാനുമായ പി.എൻ. അബ്ദുല്ലത്തീഫ് മദനി സംഗമം ഉദ്ഘാടനം ചെയ്തു. ജാമിഅ റക്ടർ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷനായി.

ജാമിഅ ഡയറക്ടർ ഫൈസൽ മൗലവി മുഖ്യപ്രഭാഷണം നടത്തി. ഹംസ മദീനി, അബ്ദുൽ മാലിക് സലഫി, ശുറൈഹ് സലഫി, ഷബീബ് സ്വലാഹി, മുഹമ്മദ് അലി ബാഖവി, മുസ സ്വലാഹി, റഷീദ്, നസീഫ്, മുഷ്താഖ് അൽഹികമി, സ്വലാഹുദീൻ അൽഹികമി തുടങ്ങിയവർ പങ്കെടുത്തു.

# ഡിജിറ്റൽ അടിമത്തം ഗുരുതര പ്രത്യാഘാതമുണ്ടാക്കും

കൊയിലാണ്ടി: ഡിജിറ്റൽ മാധ്യമങ്ങളുടെ അമിതമായ ഉപയോഗം വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ഗുരുതരമായ മാനസികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുവെന്ന് വിസ്ഡം കോഴിക്കോട് (നോർത്ത്) ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മുജാഹിദ് നേതൃ സംഗമം അഭിപ്രായപ്പെട്ടു. കൊയിലാണ്ടി മുജാഹിദ് സെന്ററിൽ സംഘടിപ്പിച്ച സംഗമം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അഷ്റഫ് ഉദ്ഘാടനം ചെയ്തു.

അഡ്വ. കെ.പി.പി അബൂബക്കർ അധ്യക്ഷത വഹിച്ചു. കെ. ജമാൽ മദനി, സി.പി സാജിദ്, കെ. അബ്ദുൽ നാസർ മദനി, ഒ. റഫീഖ് മാസ്റ്റർ, മൊയ്തു മേനിക്കണ്ടി, പുനത്തിൽ മജീദ് മാസ്റ്റർ, വി.വി ബഷീർ, കെ.പി.പി ഖലീലുറഹ്മാൻ, ടി.ടി കാസിം, നൗഫൽ അഴിയൂർ, വി.കെ ഉനൈസ് സ്വലാഹി, ഒ.കെ. അബ്ദുൽ ലത്തിഫ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ഹബീബുറഹ്മാൻ സ്വലാഹി മുഖ്യപ്രഭാ ഷണം നടത്തി.

വി.സി മുഹമ്മദ് മാസ്റ്റർ (പൂനൂർ), പി. അബൂബക്കർ മാസ്റ്റർ (ബാലുശ്ശേരി), എൻ.എൻ സലീം (കൊയിലാണ്ടി), മുഹമ്മദലി നന്തി (പ യ്യോളി), ഷമീർ മണിയൂർ (വടകര), ടി.പി നസീർ (നാദാപുരം), കെ റഷീദ് മാസ്റ്റർ (പേരാമ്പ്ര) എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ജമാൽ കൊല്ലം സ്വാഗതവും നാസിർ പൂനൂർ നന്ദിയും പറഞ്ഞു.

# പണ്ഡിതന്മാർ; ആദർശത്തിന്റെ കാവൽഭടന്മാർ

സത്യവിശ്വാസവും സൽകർമങ്ങളും സ്വീകരിച്ചാൽ ലഭിക്കാനിരിക്കുന്ന സൽഫലങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവരും തെറ്റായ വിശ്വാസവും ദുഷ്കർമങ്ങളും സ്വീകരിച്ചാൽ അനുഭവിക്കേണ്ടിവരുന്ന ദുഷ്ഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നവരായിക്കൊണ്ടുമാണ് പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചതെന്ന് അനേകം ക്വുർആൻ സൂക്തങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകന്മാരുടെ കാലശേഷം അവരുടെ ദൗത്യം നിർവഹിക്കേണ്ടവരാണ് സത്യപ്രബോധകർ. അവർക്കും നിർവഹിക്കുവാനുള്ളത് സന്തോഷവാർത്ത അറിയിക്കലും മുന്നറിയിപ്പ് നൽകലും തന്നെയാണ്.

പ്രവാചകന്മാർ പഠിപ്പിച്ചതിൽനിന്നും വ്യത്യസ്തമായ വിശ്വാസവും കർമമാർഗവും പിന്തുടർന്നവർ സമൂഹത്തിൽ ഭൂരിപക്ഷമായിത്തീർന്ന ദുരവസ്ഥയാണ് എല്ലാ പ്രവാചകന്മാരുടെയും കാലശേഷമുണ്ടായത്. ഒരു ന്യൂനപക്ഷം മാത്രം പ്രവാചകന്മാരുടെ മാർഗത്തിൽ ഉറച്ചുനിന്നു. പക്ഷേ, അവരെ ഭിന്നിപ്പുകാരായി ചിത്രീകരിച്ചുകൊണ്ട് അടിച്ചമർത്താൻ ശ്രമിക്കുകയാണ് മതത്തിന്റെ കുത്തകക്കാരായി ചമഞ്ഞ ഭൂരിപക്ഷം ചെയ്തത്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്. ഇബ്റാഹീം നബി(അ)യുടെയും ഇസ്മാഈൽ നബി(അ)യുടെയും കാലശേഷം അവരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് അവരെ ഭാഗ്യനിർഭാഗ്യങ്ങളുടെ വിധാതാക്കളായി ചിത്രീകരിക്കുകയാണ് അനുയായികൾ ചെയ്തത്. ചില സമൂഹങ്ങൾ അവരുടെ പ്രവാചകന്മാരെ ദൈവപുത്രന്മാരുടെ പദവിയിലേക്ക് ഉയർത്തുക പോലും ചെയ്തു!

ഈ അപചയം മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിലും സംഭവിച്ചു. നബി(സ്വ) പഠിപ്പിക്കാത്ത വിശ്വാസങ്ങൾ പുലർത്തുന്നവരും അവിടുന്ന് മാതൃക കാണിക്കാത്ത ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നവരും അവിടുന്ന് പഠിപ്പിക്കാത്ത കാര്യങ്ങൾക്ക് പുണ്യം വിധിക്കുന്നവരുമാണ് മുസ്‌ലിം സമുദായത്തിൽ ഭൂരിപക്ഷം. അല്ലാഹുവിന്റെ ഗ്രന്ഥത്തിലും പ്രവാചക ചര്യയിലും സ്ഥിരപ്പെട്ട വിശ്വാസ-കർമങ്ങളേ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിക്കുന്നവർ ന്യൂനപക്ഷവും. തെളിവില്ലാത്ത വിശ്വാസാചാരങ്ങൾ ഉപേക്ഷിക്കണമെന്ന് പറയുന്നവരെ ഭൂരിപക്ഷം ഭിന്നിപ്പുകാരായി ചിത്രീകരിക്കുകയും ചെയ്യുന്നു.

ഈ പ്രതികൂല സാഹചര്യത്തിലും സത്യത്തിൽ ഉറച്ചു നിൽക്കുന്നവർക്ക് ആശ്വാസം നൽകുന്ന പല ഘടകങ്ങളുമുണ്ട്. ഇസ്‌ലാമിന്റെ പ്രമാണങ്ങളായ ക്വുർആനും പ്രവാചകചര്യയും ആർക്കും പരിശോധിക്കാവും വിധം ലഭ്യമാണെന്നതാണ് ഒരു ഘടകം. മിക്ക ഭാഷകളിലും ഇവയുടെ പരിഭാഷകൾ ലഭ്യമാണ്താനും. ഇസ്‌ലാമിക ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും പ്രമാണങ്ങളോട് പ്രതിബദ്ധത പുലർത്തിയ കുറച്ചു പണ്ഡിതന്മാരെങ്കിലും ഉണ്ടായിരുന്നു എന്നതാണ് മറ്റൊരു ഘടകം. ശിയാക്കളും വിധിനിഷേധികളും അദ്വൈതവാദികളും ക്വബ്റാരാധകരും ഇസ്‌ലാമിന്റെ പേരിൽ കെട്ടിച്ചമച്ച വാദങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് അവർ ഇസ്‌ലാമിന്റെ കാവൽഭടന്മാരായി വർത്തിച്ചിട്ടുണ്ട്. വർത്തമാന കാലത്ത് ലോകത്തുടനീളം ഇസ്‌ലാമിന്റെ മൗലിക രൂപം തെളിയിച്ചുകാണിക്കുന്നതിനു വേണ്ടി കൂട്ടായ്മകൾ നിലകൊള്ളുന്നു എന്നതാണ് മറ്റൊരു ഘടകം.

അല്ലാഹുവും റസൂലും പഠിപ്പിച്ച രൂപത്തിൽ തന്നെ ഇവിടെ ഇസ്‌ലാം നിലനിർത്തുന്നതിനു വേണ്ടി പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്തുകൊണ്ടിരുന്ന സത്യപ്രബോധകർ ഇല്ലായിരുന്നുവെങ്കിൽ മുസ്‌ലിം സമൂഹത്തിന്റെ സ്ഥിതി എന്താകുമായിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ.

തർക്കിച്ചു തോൽപിക്കാൻ വെമ്പൽകൊള്ളുന്ന ഒരു എതിരാളിയുടെ റോളല്ല, പ്രബോധിതന് എല്ലാവിധത്തിലും നന്മയും രക്ഷയും ഉണ്ടാകണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഒരു ഗുണകാംക്ഷിയുടെ ഭാവമാണ് സത്യപ്രബോധകന് ഉണ്ടായിരിക്കേണ്ടത്. ■




# മുസ്‌ലിംകളും വൈദ്യശാസ്ത്ര പുരോഗതിയും

ഡോ. ടി. കെ. യൂസുഫ്
: 9349798262

പ്രവാചക വൈദ്യത്തിൽ പരാമർശിക്കപ്പെട്ട പച്ചമരുന്നുകൾ ഫലപ്രദവും സർവരോഗ സംഹാരി കളുമായിരുന്നുവെങ്കിലും മുസ്‌ലിംകൾ ഒരിക്കലും അവരുടെ ചികിത്സ അവയിൽ മാത്രം പരിമിതപ്പെടുത്തിയില്ല. ഭൗതിക വിജ്ഞാനങ്ങൾ നിരന്തര ഗവേഷണങ്ങൾക്ക് വിധേയമാവണമെന്ന് അവർ ആദ്യം തന്നെ മനസ്സിലാക്കിയിരുന്നു. 'വിജ്ഞാനം വിശ്വാസിയുടെ നഷ്ടപ്പെട്ട സ്വത്താണ്, അത് എവിടെ കണ്ടാലും അവൻ കൈക്കലാക്കണം' എന്ന തിരുവചനമാണ് അവർക്ക് അതിന് പ്രചോദനം നൽകിയത്.

അമവി കാലഘട്ടത്തിൽ മുസ്‌ലിംകൾ ഇതര നാടുകളിലെത്തിയപ്പോൾ അവിടങ്ങളിലുള്ള അറിവുകൾ സ്വായത്തമാക്കാനാണ് ആദ്യമായി ശ്രമിച്ചത്. ഗ്രീക്ക് വൈദ്യഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുകയും റോമൻ ഭിഷഗ്വരന്മാരെ തങ്ങളുടെ പ്രദേശത്ത് കുടി യിരുത്തുകയും ചെയ്തു. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങൾ തകർന്നടിഞ്ഞപ്പോഴും അവരുടെ വിജ്ഞാനങ്ങൾ നഷ്ടപ്പെടാതിരിക്കാൻ മുസ്‌ലിംകൾ പ്രത്യേകം ഉത്സാഹം കാണിക്കുകയുണ്ടായി. അവയിലെ വൈദ്യവിധികളാണ് പിന്നീട് ലോകത്തിന് ഏറ്റവും പ്രയോജനകരമായിത്തീർന്നത്.

**വൈദ്യശാസ്ത്രത്തിലെ മുസ്‌ലിം പുരോഗതി കേവലം യാദൃച്ഛികമായി ഉണ്ടായതല്ല; മറിച്ച് നിരന്തര പഠന ഗവേഷണഫലമായി കണ്ടെത്തിയതു തന്നെയാണ്. ഈ രംഗത്തെ ഇസ്‌ലാമിക രീതിശാസ്ത്രത്തിന് ധാരാളം പ്രത്യേകതകൾ കാണാൻ കഴിയും. അതിൽ ഏറ്റവും സവിശേഷമായത് ഇസ്‌ലാം മറ്റു നാഗരികതകളോടും സംസ്കാരങ്ങളോടും ഒരു തുറന്ന സമീപനം സ്വീകരിച്ചു എന്നതാണ്. മുസ്‌ലിംകൾ അല്ലാത്തവരിൽനിന്ന് വിവര ശേഖരണം നടത്തുന്നതിന് അവർ ഒട്ടും വൈമനസ്യം കാണിച്ചിരുന്നില്ല.**

ഖലീഫ മർവാൻ ബിൻ ഹകമിന്റെ കാലഘട്ടത്തിൽ ഏറ്റവും പ്രസിദ്ധ വിവർത്തകനായിരുന്ന മാസിർജുവാ എന്ന ജൂത ഭിഷഗ്വരൻ 'കുന്നാശ്' എന്ന പേരിലുള്ള ഒരു ഗ്രീക്ക് വൈദ്യശാസ്ത്ര വിജ്ഞാന കോശം വിവർത്തനം ചെയ്യുകയുണ്ടായി. അബ്ബാസിയ കാലഘട്ടമായപ്പോയേക്കും മുസ്‌ലിംകൾക്ക് സ്വന്തമായ ഒരു വൈദ്യവിജ്ഞാന ശേഖരമുണ്ടായിരുന്നു. അതിൽ മാത്രം പരിമിതപ്പെടുത്താതെ ഗ്രീക്ക്, പേർഷ്യൻ, റോമൻ, ഇന്ത്യൻ വൈദ്യഗ്രന്ഥങ്ങളിൽനിന്നുള്ള വിവർത്തന പദ്ധതി അവർ തുടർന്നുകൊണ്ടിരുന്നു. മുസ്‌ലിംകൾ ഭാഷാന്തര പ്രക്രിയ നിർവഹിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇത്തരം വൈദ്യ വിരങ്ങളെല്ലാം ആരും കാണാതെ ചിതൽ തിന്നുപോകുമായിരുന്നു.

അബ്ബാസിയ കാലഘട്ടത്തിലെ മുസ്‌ലിംകൾ മുൻവൈദ്യവിജ്ഞാനങ്ങളിലുണ്ടായിരുന്ന തെറ്റുകൾ തിരുത്തുകയും അവ കൂടുതൽ കുറ്റമറ്റതാക്കാൻ ശ്രമിക്കുകയും ചെയ്തു. വൈദ്യസിദ്ധാന്തങ്ങളിലെ അബദ്ധങ്ങൾ പോലും അവർ തിരുത്തുകയുണ്ടായി. ഉദാഹരണമായി, ഇബ്നു നഫീസ് ജാലീന്യൂസിന്റെ (ഗാലന്റെ), ഹൃദയത്തിന്റെ വലത്തെയും ഇടത്തെയും അറകളുടെ അന്തർഭാഗത്ത് ഒരു ദ്വാരമുണ്ടെന്ന ധാരണ തിരുത്തുകയുണ്ടായി. വൈദ്യവിജ്ഞാനം അങ്ങേയറ്റം പുരോഗതി പ്രാപിച്ച അബ്ബാസിയ കാലഘട്ടത്തിൽ ധാരാളം ആതുരാലയങ്ങളും വൈദ്യവിജ്ഞാന സർവകലാശാലകളും സ്ഥാപിക്കുകയുണ്ടായി.

### വൈദ്യപഠനത്തിന്റെ ഇസ്‌ലാമിക രീതിശാസ്ത്രം

വൈദ്യശാസ്ത്രത്തിലെ മുസ്‌ലിം പുരോഗതി കേവലം യാദൃച്ഛികമായി ഉണ്ടായതല്ല; മറിച്ച് നിരന്തര പഠന ഗവേഷണഫലമായി കണ്ടെത്തിയതു തന്നെയാണ്. ഈ രംഗത്തെ ഇസ്‌ലാമിക രീതിശാസ്ത്രത്തിന് ധാരാളം പ്രത്യേകതകൾ കാണാൻ കഴിയും. അതിൽ ഏറ്റവും സവിശേഷമായത് ഇസ്‌ലാം മറ്റു നാഗരികതകളോടും സംസ്കാരങ്ങളോടും ഒരു തുറന്ന സമീപനം സ്വീകരിച്ചു എന്നതാണ്. മുസ്‌ലിംകൾ അല്ലാത്തവരിൽനിന്ന് വിവര ശേഖരണം നടത്തുന്നതിന് അവർ ഒട്ടും വൈമനസ്യം കാണിച്ചിരുന്നില്ല. എല്ലാ സമുദായങ്ങളുടെ അറിവിൽനിന്നും അനുഭവങ്ങളിൽനിന്നും സ്വായത്തമാക്കേണ്ട ഒരു നിധിയായിട്ടാണ് അവർ വിജ്ഞാനത്തെ ഗണിച്ചിരുന്നത്. വൈദ്യവിജ്ഞാനത്തിന് അക്കൂട്ടത്തിൽ അവർ വലിയ പ്രാധാന്യം നൽകിയിരുന്നു. കാരണം, ഇസ്‌ലാമിൽ ശരീഅത്ത് വിജ്ഞാനം കഴിഞ്ഞാൽ പിന്നീട് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു വിജ്ഞാന ശാഖ വൈദ്യമാണ്. ഹദീസ് ഗ്രന്ഥങ്ങളിലെല്ലാം വൈദ്യം എന്ന പേരിൽ ഒരു അധ്യായം തന്നെയുണ്ട്. ആരാധനാകർമങ്ങളും ശരീഅത്ത് നിയമങ്ങളും അനുസരിച്ച് ജീവിക്കണമെങ്കിൽ ആരോഗ്യമുള്ള ശരീരം ആവശ്യമാണ്. അതുകൊണ്ടാണ് പൂർവികരായ മുസ്‌ലിംകൾ വൈദ്യരംഗത്ത് കാര്യമായ പഠന ഗവേഷണങ്ങൾ നടത്തിയത്. ഹിജ്റ 85ൽ മരണപ്പെട്ട ഖാലിദ് ബിൻ യസീദ് അൽഅമവി അലക്സാൻഡ്രിയ ലൈബ്രറിയിൽ ഉണ്ടായിരുന്ന ഗ്രീക്ക് വൈദ്യഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യാൻ കാണിച്ച ശ്രമങ്ങൾ ഇതിനുദാഹരണമാണ്.

വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്ന കാര്യത്തിൽ വമ്പിച്ച വിപ്ലവമുണ്ടായത് ഹാറൂൺ റഷീദിന്റെ കാലത്താണ്. ഗ്രീക്ക്, പേർഷ്യൻ, റോമൻ ഇന്ത്യൻ തുടങ്ങി അക്കാലത്ത് നിലനിന്നിരുന്ന എല്ലാ നാഗരികതകളിൽനിന്നും ഗ്രന്ഥങ്ങൾ അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യുകയുണ്ടായി. പക്ഷേ, ഈ വിവർത്തനങ്ങളിൽ ഏറ്റ

വും ശ്രദ്ധേയമായ കാര്യം ഈ വിവരങ്ങളൊന്നും തങ്ങളുടെ താണെന്ന് മുസ്‌ലിംകൾ ഒരിക്കലും അവകാശപ്പെട്ടിട്ടില്ല എന്നതാണ്. വേണമെങ്കിൽ അവർക്ക് മറ്റുള്ളവരിൽനിന്ന് ലഭ്യമായ വിവരങ്ങൾ തങ്ങളുടെതായി ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കാമായിരുന്നു. എന്നാൽ വളരെ ബഹുമാനപുരസ്സരം മറ്റുള്ളവരുടെ പേരുകൾ പറഞ്ഞുകൊണ്ടാണ് തങ്ങളുടെ സംഭാവനകൾ മുസ്‌ലിംകൾ ലോകത്തിന് നൽകിയിട്ടുള്ളത്.

പ്രസിദ്ധ മുസ്‌ലിം ഭിഷഗ്വരനായിരുന്ന അല്ലാമാ അബൂബക്കർ അൽറാസി തന്റെ ലോക പ്രശസ്ത വൈദ്യശാസ്ത്ര ഗ്രന്ഥമായ 'കിതാബുൽ ഹാവി'യിൽ പറയുന്നത് ഹിപ്പോക്രാറ്റസ്, ഗാലൻ, അർമസോസ് തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽനിന്നും എടുത്ത വിവരങ്ങളാണ് ഞാൻ ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത് എന്നാണ്. ഈ വിശ്വസ്തതയായിരുന്നു മുസ്‌ലിംകളുടെ ഏറ്റവും വലിയ നേട്ടം. സത്യത്തിൽ ഗ്രീക്ക്, പേർഷ്യൻ, റോമൻ വംശങ്ങളിലെ പുതുതലമുറക്ക് അവരുടെ പൂർവികരെക്കുറിച്ച് അറിയാനും പഠിക്കാനും അവസരമൊരുക്കിയത് മുസ്‌ലിംകളാണ്.

കേവല വിവർത്തനത്തിലുപരി ലഭ്യമായ വിവരങ്ങളിലെ അബദ്ധങ്ങളും പോരായ്മകളും പരിഹരിച്ച് നിരന്തര ഗവേഷണത്തിലൂടെ അതിനെ പരിപോഷിപ്പിക്കാനും അവർ ശ്രമിക്കുകയുണ്ടായി. ഇതര ജനവിഭാഗങ്ങളിൽനിന്ന് ബുദ്ധിശക്തിയിലും ചിന്താശക്തിയിലും മുസ്‌ലിംകൾ ഒട്ടും പിന്നിലല്ലാത്തതു കൊണ്ട് അവർക്ക് നൂറ്റാണ്ടുകളോളം വൈജ്ഞാനിക

**മുസ്‌ലിംകൾ വൈദ്യശാസ്ത്ര രംഗത്ത് മുന്നേറാനുള്ള ഏറ്റവും പ്രധാനമായ പ്രചോദനം അവരുടെ മതനിയമ സംഹിതയാണ്. ഭൂമിയിൽ പല വിജ്ഞാന ശാഖകളിലും പഠന ഗവേഷണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അതൊന്നും മതപരമായ പരിവേഷത്തിലല്ല നടക്കാറുള്ളത്. എന്നാൽ വൈദ്യശാസ്ത്ര രംഗത്ത് ക്വുർആനും ഹദീസുകളും വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. വൈദ്യരംഗം കൈകാര്യം ചെയ്യുന്ന മുസ്‌ലിംകൾ ഈ നിർദേശങ്ങൾക്കനുസരിച്ചാണ് പഠനം നടത്താറുള്ളത്.**

രംഗത്തെ മേൽക്കോയ്മ നിലനിർത്താൻ സാധിച്ചിട്ടുണ്ട് എന്നതിന് ചരിത്രം സാക്ഷിയാണ്.

മുസ്‌ലിംകൾ വൈദ്യവിജ്ഞാനത്തെ അവരുടെ കുത്തകയാക്കിയില്ല എന്നതാണ് ഈ രംഗത്ത് അവർ ചെയ്ത മറ്റൊരു സേവനം. മറ്റു മതസ്ഥർക്കും ഇതിൽ പങ്കാളിത്തം നൽകുകയും അവരുടെ സേവനങ്ങളും ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അബൂനസ്ർ മസീഹീ, കുസ്താബിൻ ലൂകാ ബഹ്‌ലബകി എന്നീ ജൂത-ക്രൈസ്തവ പേരുകൾ വൈദ്യരംഗത്ത് അറിയപ്പെട്ടത് ഇതുകൊണ്ടാണ്. ഇസ്‌ലാമിക സാമ്രാജ്യത്ത് ചില ക്രൈസ്തവ കുടുംബങ്ങൾക്ക് വൈദ്യം അറിയുന്നതുകൊണ്ട് പ്രത്യേക പരിഗണനയുണ്ടായിരുന്നു. ഹാറൂൺ റഷീദിന്റെ കാലത്തെ രാഷ്ട്ര നേതാവായിരുന്ന ജഅ്ഫർ ബർബകിക്ക് 'ഗബ്രിയേൽ ബിൻ ബക്തിശൂഅ്' എന്ന ഒരു വൈദ്യനുണ്ടായിരുന്നു. മുസ്‌ലിംകൾ വൈദ്യരംഗത്ത് മതവിവേചനം കാണിച്ചിരുന്നില്ല എന്നതിന് ചരിത്രത്തിൽ ധാരാളം തെളിവുകൾ കാണാൻ കഴിയും. സ്വലാഹുദ്ദീൻ അയ്യൂബി ഈജിപ്തിൽ പ്രവേശിച്ച സമയത്ത് അദ്ദേഹത്തിന്റെ കൂടെ 18 ഭിഷഗ്വരന്മാരുണ്ടായി രുന്നു. അവരിൽ 8 മുസ്‌ലിംകളും 5 ജൂതന്മാരും 4 ക്രിസ്ത്യാനികളും 1 സാമിരിയുമാണുണ്ടായിരുന്നത്.

വൈദ്യശാസ്ത്രത്തെ തത്ത്വചിന്തയെ പോലെ ഒരു കേവല വിജ്ഞാനമായി കാണാതെ ആ രംഗത്ത് ധാരാളം പരീക്ഷണങ്ങൾ നടത്താൻ മുസ്‌ലിംകൾ മുന്നോട്ട് വരികയുണ്ടായി. ഒരു രോഗത്തിനുതന്നെ വ്യത്യസ്ത ചികിത്സാരീതികൾ അവർ പരീക്ഷിക്കുകയുണ്ടായി. ഈ പരീക്ഷണങ്ങളുടെ ഫലങ്ങളെല്ലാം അവർ രേഖപ്പെടുത്തുകയും ചെയ്തു. ഇബ്നു സീന പറയുന്നത് 'ഞാൻ രോഗികളെ നിരന്തരമായി നിരീക്ഷിച്ചു, അപ്പോൾ എനിക്ക് ധാരാളം കാര്യങ്ങൾ അവരിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു' എന്നാണ്. രോഗിയുടെ നിലവിലുള്ള അവസ്ഥയും രോഗത്തെക്കുറിച്ചുള്ള പഴയ സിദ്ധാന്തവും തമ്മിൽ വൈരുധ്യമാകുമ്പോൾ പുതിയ പരീക്ഷണത്തിന് നിർബന്ധിതരാകുന്നുവെന്നാണ് റാസി പറയുന്നത്. അതുപോലെ ശസ്ത്രക്രിയയിൽ ഗ്രീക്കുകാരും പേർഷ്യക്കാരും ഉപയോഗിച്ചിരുന്ന മെഡിക്കൽ ഉപകരണ ങ്ങൾ അതേ രൂപത്തിൽ തന്നെ പിന്തുടരുന്നതിന് പകരമായി നവീന ഉപകരണങ്ങൾ കണ്ടുപിടിക്കാനാണ് മുസ്‌ലിം

കൾ ശ്രമിച്ചത്. മുസ്‌ലിം സർജനായിരുന്ന അബുൽ കാസിം സഹ റാവി കണ്ടുപിടിച്ച ശസ്ത്രക്രിയ ഉപകരണങ്ങൾ നൂറ്റാണ്ടുകളോളം വൈദ്യശാസ്ത്രം ഉപയോഗിക്കുകയുണ്ടായിട്ടുണ്ട്.

മുസ്‌ലിംകൾ വൈദ്യശാസ്ത്ര രംഗത്ത് മുന്നേറാനുള്ള ഏറ്റവും പ്രധാനമായ പ്രചോദനം അവരുടെ മതനിയമ സംഹിതയാണ്. ഭൂമിയിൽ പല വിജ്ഞാന ശാഖകളിലും പഠന ഗവേഷണങ്ങൾ നടക്കുന്നുണ്ട്. എന്നാൽ അതൊന്നും മതപരമായ പരിവേഷത്തിലല്ല നടക്കാറുള്ളത്. എന്നാൽ വൈദ്യശാസ്ത്ര രംഗത്ത് ക്വുർആനും ഹദീസുകളും വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. വൈദ്യരംഗം കൈകാര്യം ചെയ്യുന്ന മുസ്‌ലിംകൾ ഈ നിർദേശങ്ങൾക്കനുസരിച്ചാണ് പഠനം നടത്താറുള്ളത്. നബി(സ്വ) പറഞ്ഞു: "തീർച്ചയായും അല്ലാഹുവാണ് രോഗവും ഔഷധവും ഇറക്കിയത്, എല്ലാ രോഗങ്ങൾക്കും അവൻ ഔഷധം ഉണ്ടാക്കിയിട്ടുണ്ട്, അതുകൊണ്ട് നിങ്ങൾ ചികിത്സിക്കുക. നിഷിദ്ധമായതുകൊണ്ട് ചികിത്സിക്കരുത്" (അബൂദാവൂദ്).

ചികിത്സാരംഗത്ത് ഒരു മുസ്‌ലിം അനുവർത്തിക്കേണ്ട മുഴുവൻ കാര്യങ്ങളും ഈ മൂന്ന് വാചകങ്ങളിൽ അടങ്ങിയിട്ടുണ്ട്. ചൂട് വെക്കുന്ന ചികിത്സയും ഹദീസ് വിലക്കിയതാണ്. ആധുനിക വൈദ്യവും അതിന് താൽക്കാലിക ആശ്വാസമല്ലാതെ സ്ഥായിയായ ഗുണം കാണുന്നില്ല. എന്നാൽ തിരുവൈദ്യവിധികളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ആധുനിക വൈദ്യവും ശാസ്ത്രീയമാണെന്ന് തെളിയിച്ചതാണ്.

ചികിത്സാരംഗത്ത് മുസ്‌ലിംകൾക്ക് നൂറ്റാണ്ടുകളോളം മുന്നേറാൻ പ്രചോദനം നൽകിയത് ഇസ്‌ലാമിക അധ്യാപനങ്ങൾ തന്നെയാണ്. *(തുടരും)*

കവിത



# അവസാന യാത്രക്കു മുമ്പ്

ഹുസ്ന മലോറം

നിനക്കാത്ത നേരത്ത് നമ്മിലേക്ക്
വന്നെത്തിടും മരണമോർത്തു കൊൾക.
നീട്ടിത്തരികയില്ലൊരു നിമിഷനേരവും
തിരിക്കണം റബ്ബിന്റെ വിളി വരുമ്പോൾ.

എന്തുണ്ട് കൂട്ടരേ കൊണ്ടു പോകാൻ
അന്ധകാരത്തിൻ ഖബറിലേക്ക്?
കൂട്ടില്ല, കൂടെപ്പിറപ്പില്ല ചാരെ
ഒറ്റക്ക് തന്നെയാ ഖബർ ജീവിതം.

നാം ചെയ്ത കർമങ്ങൾക്കനുസൃതമായുള്ള
പ്രതിഫലം ഖബറിൽ നമുക്ക് കിട്ടും.
പരലോകത്തായ് നമുക്കുള്ളൊരിടമേത്,
നരകമോ സ്വർഗമോ എന്നറിയും.

സൽകർമമേറെ നാം ചെയ്തിടുക
സ്വസ്ഥത ഖബറിൽ ലഭിക്കുവാനായ്.
തീരാത്ത പരലോക ജീവിതം തന്നിലെ
ആദ്യത്തെ വീടാണ് ഖബറെന്നതോർക്കുക.

നേരമിനിയൊട്ടും പാഴാക്കിടേണ്ട
നേരിൽ ചലിക്കാൻ മടിച്ചിടേണ്ട.
നേരമോ കാലമോ നോക്കാതെയെത്തും
മരണത്തിനായി ഒരുങ്ങുക നാം.

**മധ്യകാല യൂറോപ്പിലെ ഒരു കാൽപനിക കാവ്യസങ്കൽപം വർത്തമാനകാല മുതലാളിത്ത വിപണന കേന്ദ്രത്തിന്റെ ട്രംപ് കാർഡായി പരിണമിച്ചതിന്റെ മൂർത്ത ഉദാഹരണമാണ് ഇന്ന് കാണുന്ന വാലന്റൈൻസ് ഡേ ആഘോഷം. മനുഷ്യന്റെ മൃദുല വികാരങ്ങളെ വിറ്റ് കാശാക്കാനുള്ള മാർക്കറ്റിംഗ് ടെക്നിക്കുകൾക്ക് പടിഞ്ഞാറ് മാത്രമല്ല, 'പ്രക്ഷുബ്ധ ക്യാമ്പസ് യൗവന'ങ്ങളിലും ഇടമുണ്ടെന്ന് തെളിയിച്ച വർഷങ്ങളാണ് കടന്നുപോയത്.**



# വാലന്റൈൻസ് ഡേ;

## ചരിത്രവും ഇസ്‌ലാമിക വീക്ഷണവും

റൈഹാൻ ഷഹീദ്
: 8921259204

എല്ലാ വർഷവും ചുവന്ന റോസാപ്പൂക്കളുടെയും ഹൃദയാകൃതിയിലുള്ള ചിഹ്നങ്ങളുടെയും പ്രണയവാഗ്ദാനങ്ങളുടെയും അലങ്കാരത്തോടെ 'വാലന്റൈൻസ് ദിനം' എത്തുന്നു. ഇത് പ്രണയത്തിന്റെ മഹത്തായ ആഘോഷമായി അവതരിപ്പിക്കപ്പെടുന്നു. എന്നാൽ ഇവിടെ ചില അടിസ്ഥാന ചോദ്യങ്ങൾ ചോദിക്കാതെ വയ്യ; ഏത് തരത്തിലുള്ള പ്രണയമാണ് ഇതിലൂടെ ആഘോഷിക്കപ്പെടുന്നത്? ഈ ആചാരം ഉത്ഭവിച്ചത് എവിടെനിന്നാണ്? യഥാർഥത്തിൽ ഇത് മനുഷ്യന്റെ അന്തസ്സിനെയും മാനസിക ക്ഷേമത്തെയും സംരക്ഷിക്കുകയാണോ ചെയ്യുന്നത്, അതോ അവയെ ക്ഷയിപ്പിക്കുകയോ?

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം പ്രണയം നിഷേധിക്കേണ്ടതോ ഭയപ്പെടേണ്ടതോ അടിച്ചമർത്തേണ്ടതോ ആയ ഒന്നല്ല. ഇസ്‌ലാം പ്രണയത്തെ ആഴത്തിലും സുന്ദരമായും സമീപിക്കുന്നു. എന്നാൽ പ്രണയം ആരോടായിരിക്കണം, എങ്ങനെ പ്രകടിപ്പിക്കണം, എങ്ങനെ സംരക്ഷിക്കണം എന്ന കാര്യത്തിൽ വ്യക്തവും ഉറച്ചതുമായ ധാർമിക അതിരുകൾ ഇസ്‌ലാം നിർണയിക്കുന്നു. വാലന്റൈൻസ് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനെ ഇസ്‌ലാം എന്തുകൊണ്ട് അംഗീകരിക്കുന്നില്ല എന്നും, വിവാഹത്തിനു മുമ്പുള്ളതും വിവാഹബാഹ്യവുമായ ബന്ധങ്ങൾ എന്തുകൊണ്ട് അനുവദനീയമല്ല എന്നും മനസ്സിലാക്കാൻ, ചരിത്രത്തിലേക്കും മനുഷ്യഹൃദയത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ ധാർമിക കാഴ്ചപ്പാടിലേക്കും നോക്കേണ്ടതുണ്ട്.

**വാലന്റൈൻസ് ദിനത്തിന്റെ സംക്ഷിപ്ത ചരിത്രം**

വാലന്റൈൻസ് ദിനത്തിന്റെ ചരിത്രം സങ്കീർണവും പല വശങ്ങളുള്ളതുമാണ്. 'വിശുദ്ധ വാലന്റൈനി'ന്റെ (Saint Valentine) പേരിലാണ് ഈ ദിനം അറിയപ്പെടുന്നത്. എന്നാൽ ആദ്യകാലത്ത് വാലന്റൈനിന്റെ അനുസ്മരണങ്ങൾക്ക് പ്രണയവുമായി നേരിട്ടൊരു ബന്ധം ഉണ്ടായിരുന്നില്ല.

പൊതുവെ പരാമർശിക്കപ്പെടുന്ന ഒരു പശ്ചാത്തലം പുരാതന റോമിലെ ലുപ്പർ കാലിയ എന്ന ഉത്സവമാണ്. ഫെബ്രുവരി മാസത്തിന്റെ മധ്യത്തിൽ ആഘോഷിക്കപ്പെട്ടിരുന്ന ഈ ഉത്സവം പ്രത്യുൽപാദന ശേഷിയുമായി ബന്ധപ്പെട്ട ഒരു ആചാരമായിരുന്നു. സന്താനോത്പാദനം പ്രോത്സാഹിപ്പിക്കാനും ദുഷ്ടാത്മാക്കളിൽനിന്ന് രക്ഷ നേടാനും ലക്ഷ്യമിട്ട വിവിധ ആചാരങ്ങൾ ഇതിന്റെ ഭാഗമായിരുന്നു. ചരിത്രപരമായി ഇത് ശരിയാണോ അല്ലേ എന്ന കാര്യത്തിൽ പല അഭിപ്രായങ്ങളുണ്ടെങ്കിലും, ഫെബ്രുവരി മധ്യത്തിന് റോമൻ സംസ്കാരത്തിൽ പ്രതീകാത്മകമായൊരു പ്രാധാന്യമുണ്ടായിരുന്നുവെന്നത് വ്യക്തമാണ്.

പ്രണയവുമായി വാലന്റൈൻസ് ദിനം ബന്ധിപ്പിക്കപ്പെട്ടത് പിന്നീടാണ്. മധ്യകാല യൂറോപ്പിലാണ് ഈ ആശയം ശക്തമായി രൂപപ്പെട്ടത്. ഫെബ്രുവരി 14, പക്ഷികൾ അവയുടെ ഇണകളെ തിരഞ്ഞെടുത്തു തുടങ്ങുന്ന ദിവസമാണെന്ന ധാരണ ജനകീയമാക്കുന്നതിൽ ഇംഗ്ലീഷ് കവി ജെഫ്രി ചോസർ നിർണായക പങ്ക് വഹിച്ചതായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. കാലക്രമേണ, ഈ കാവ്യാത്മക സങ്കൽപം പ്രണയക്കുറിപ്പുകൾ കൈമാറുന്ന സാമൂഹിക ആചാരങ്ങളായി മാറി. ഒടുവിൽ ഇന്ന് നമ്മൾ കാണുന്ന വാണിജ്യവൽകരിക്കപ്പെട്ട പ്രണയദിനമായി പരിണമിച്ചു.

19, 20 നൂറ്റാണ്ടുകളിൽ ഗ്രീറ്റിംഗ് കാർഡ് കമ്പനികളും പുഷ്പവ്യാപാരികളും സമ്മാന വ്യവസായികളും വാലന്റൈൻസ് ദിനത്തെ ശക്തമായി വാണിജ്യവൽകരിച്ചു. ഇന്ന് കാലാതീതമായ പ്രണയത്തിന്റെ പ്രതീകമായി അവതരിപ്പിക്കപ്പെടുന്ന ഈ ദിനം, യഥാർഥത്തിൽ യൂറോപ്യൻ ചരിത്രവും ക്രിസ്ത്യൻ പ്രതീകാത്മകതയും മുതലാളിത്ത മാർക്കറ്റിംഗും ചേർന്ന് രൂപപ്പെടുത്തിയ ഒരു ആധുനിക സാംസ്കാരിക നിർമിതിയാണ്.

ഓരോ ആഘോഷവും അതിന്റെ പിന്നിൽ നിലകൊള്ളുന്ന വിശ്വാസങ്ങളെയും മൂല്യങ്ങളെയും ധാർമിക ധാരണകളെയും പ്രതിഫലിപ്പിക്കുന്നതാണ്. വിവാഹം, കുടുംബ ഉത്തരവാദിത്തം, ധാർമികത തുടങ്ങിയവയിൽനിന്ന് വേർപെടുത്തപ്പെട്ട പ്രണയത്തെയാണ് വാലന്റൈൻസ് ദിനം പ്രോത്സാഹിപ്പിക്കുന്നത്.

ഇസ്‌ലാം പ്രണയത്തെ നിഷേധിക്കുന്നില്ല; മറിച്ച് പ്രണയത്തെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. സ്വന്തം ഇണയെയാണ് പ്രണയിക്കേണ്ടത് എന്ന് ഇസ്‌ലാം നിഷ്കർശിക്കുന്നു.

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ഖുർആൻ 30:21).

ഖുർആൻ വിവാഹത്തെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൊന്നായി അവതരിപ്പിക്കുന്നു.

**ഇസ്‌ലാം പ്രണയത്തെ നിഷേധിക്കുന്നില്ല; മറിച്ച് പ്രണയത്തെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. സ്വന്തം ഇണയെയാണ് പ്രണയിക്കേണ്ടത് എന്ന് ഇസ്‌ലാം നിഷ്കർശിക്കുന്നു. ഖുർആൻ വിവാഹത്തെ അല്ലാഹുവിന്റെ അടയാളങ്ങളിലൊന്നായി അവതരിപ്പിക്കുന്നു. ഇണകളുടെ ഇടയിൽ സ്നേഹവും കാരുണ്യവും നിലനിൽക്കുന്നതിനാൽ പരസ്പരം സമാധാനം കണ്ടെത്താൻ കഴിയുന്ന തരത്തിലാണ് ഈ ബന്ധം രൂപപ്പെടുത്തിയിരിക്കുന്നത്. ഇസ്‌ലാമിൽ സ്നേഹം പ്രശ്നങ്ങളുടെ ഉറവിടമല്ല. അത് ഹൃദയത്തെ കലുഷിതമാക്കുന്ന ഒന്നല്ല, മറിച്ച് അതിനെ ശാന്തമാക്കുന്നതാണ്.**

ഇണകളുടെ ഇടയിൽ സ്നേഹവും കാരുണ്യവും നിലനിൽക്കുന്നതിനാൽ പരസ്പരം സമാധാനം കണ്ടെത്താൻ കഴിയുന്ന തരത്തിലാണ് ഈ ബന്ധം രൂപപ്പെടുത്തിയിരിക്കുന്നത്. ഇസ്‌ലാമിൽ സ്നേഹം പ്രശ്നങ്ങളുടെ ഉറവിടമല്ല. അത് ഹൃദയത്തെ കലുഷിതമാക്കുന്ന ഒന്നല്ല, മറിച്ച് അതിനെ ശാന്തമാക്കുന്നതാണ്.

ആധുനിക പ്രണയ സംസ്കാരം വികാരങ്ങളുടെ അതിരുകടന്ന പ്രകടനത്തെയും രഹസ്യബന്ധങ്ങളെയും മഹത്ത്വപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ ഇസ്‌ലാം വിലമതിക്കുന്നത് ഉത്തരവാദിത്തത്തിലൂടെ, ക്ഷമയിലൂടെ, ഒരുമിച്ചുള്ള ലക്ഷ്യബോധത്തിലൂടെ വളരുന്ന സ്നേഹത്തെയാണ്. വികാരങ്ങൾ അംഗീകരിക്കപ്പെടുന്നു; പക്ഷേ, അവയ്ക്ക് സ്വതന്ത്രമായ ധാർമിക അധികാരം നൽകുന്നില്ല. ആകർഷണം മാത്രം ഒരു പ്രവൃത്തിക്ക് ന്യായീകരണമാകുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, ഇസ്‌ലാമിലെ പ്രണയം വിവാഹത്തിന്റെ പരിധിക്കുള്ളിലാണ് അർഥം കണ്ടെത്തുന്നത്.

വിശ്വാസികൾ സ്നേഹം പ്രകടിപ്പിക്കേണ്ടത് രഹസ്യമായ അടുപ്പത്തിലൂടെയല്ല, പ്രതിബദ്ധതയിലൂടെയും ഉത്തരവാദിത്തത്തിലൂടെയും അല്ലാഹുവോടുള്ള ഭയവും ബോധവുമുള്ള ജീവിതത്തിലൂടെയുമാണ്.

### വിവാഹപൂർവ പ്രണയബന്ധങ്ങൾ എന്തുകൊണ്ട് നിരോധിക്കപ്പെട്ടു?

ഇതിന്റെ ഉത്തരം അല്ലാഹുവിന്റെ വ്യക്തമായ കല്പനയിലും മനുഷ്യന്റെ ദുർബല സ്വഭാവത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവിലുമാണ്. ഈ വിഷയത്തിൽ ഖുർആനും പ്രവാചകവചനങ്ങളും വളരെ വ്യക്തമായ മാർഗനിർദേശങ്ങളാണ് നൽകുന്നത്.

ഖുർആൻ വ്യഭിചാരത്തെക്കുറിച്ച് ശക്തമായി മുന്നറിയിപ്പ് നൽകുന്നു:"നിങ്ങൾ വ്യഭിചാരത്തോട് അടുത്തുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു" (ഖുർആൻ 17:32)



ഇവിടെ അല്ലാഹു വ്യഭിചാരത്തെ മാത്രമല്ല നിരോധിക്കുന്നത്, അതിലേക്ക് എത്തുന്ന ചെറിയ സമീപനത്തെ പോലും വിലക്കുന്നു. അതായത് ഇസ്‌ലാം അന്തിമമായ പാപത്തിൽ എത്തുന്നതിന് മുമ്പേ ഇടപെടുന്നു. ഹൃദയത്തെയും മനസ്സിനെയും ശരീരത്തെയും അനധികൃതമായ അടുപ്പത്തിലേക്ക് നയിക്കുന്ന ഏതൊരു കാര്യവും അപകടകരമാണെന്ന് പഠിപ്പിക്കുന്നു. വൈകാരിക അടുപ്പങ്ങളും രഹസ്യ സംഭാഷണങ്ങളും സ്വകാര്യ കൂടിക്കാഴ്ചകളുമെല്ലാം ആ വഴിയിലേക്കുള്ള പടികളായി കണക്കാക്കപ്പെടുന്നു. മനുഷ്യ ഹൃദയം സൃഷ്ടിച്ച അല്ലാഹുവിന്, ആഗ്രഹങ്ങൾ സാധാരണവൽക്കരിക്കപ്പെടുമ്പോൾ അതിരുകൾ എത്ര വേഗത്തിൽ മങ്ങിപ്പോകുമെന്ന് നന്നായി അറിയാം.

ധാർമികത നഷ്ടപ്പെടുന്നതിലേക്ക് നയിക്കുന്ന ദൈനംദിന പെരുമാറ്റങ്ങളെ അഭിസംബോധന ചെയ്യുന്ന വേറെയും വചനങ്ങൾ ക്വുർആനിൽ നമുക്ക് കാണാം. വിശ്വാസികളായ പുരുഷന്മാരോടും സ്ത്രീകളോടും അവരുടെ നോട്ടം താഴ്ത്തി അവരുടെ പവിത്രത സംരക്ഷിക്കാൻ അല്ലാഹു കൽപിക്കുന്നു:

“(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു”(ക്വുർആൻ 24:30).

പലപ്പോഴും വ്യഭിചാരത്തിന്റെ തുടക്കം കണ്ണുകൾകൊണ്ടായിരിക്കും. പിന്നീടാകും ഖേദത്തിനിടയാക്കുന്ന പ്രവൃത്തിയിലേക്ക് എത്തിപ്പെടുന്നത്. അതുപോലെ തന്നെ, ദേഹേച്ഛകളെ പിൻപറ്റി ദുർമാർഗത്തിൽ ജീവിക്കുന്നതിനെതിരെയും ക്വുർആൻ ശക്തമായ മുന്നറിയിപ്പ് നൽകുന്നു:

“എന്നാൽ തന്റെ ആരാധ്യനെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ പിഴവിലാക്കുകയും അവന്റെ കാതിനും ഹൃദയത്തിനും മുദ്രവെക്കുകയും അവന്റെ കണ്ണിനു മേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിനു പുറമെ ആരാണ് അവനെ നേർവഴിയിലാക്കുവാനുള്ളത്? എന്നിരിക്കെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?” (ക്വുർആൻ 45:23).

ബന്ധങ്ങളുടെ കാര്യത്തിൽ ഇത് ഏറെ പ്രസക്തമാണ്. വികാരങ്ങൾ മാത്രം പെരുമാറ്റത്തിന് ന്യായീകരണമാകുമ്പോൾ, ധാർമികത വ്യക്തിപരമായ ഇഷ്ടമായി മാറുകയും ഉത്തരവാദിത്തബോധം ഇല്ലാതാകുകയും ചെയ്യുന്നു. ഇസ്‌ലാം ഈ സമീപനത്തെ പൂർണമായും നിരസിക്കുന്നു.

ഈ സന്ദേശം പ്രവാചകൻ(സ്വ) പ്രായോഗികമായ മാർഗനിർദേശങ്ങളിലൂടെ കൂടുതൽ ശക്തമാക്കി. അന്യപുരുഷനും സ്ത്രീയും ഒറ്റയ്ക്കായിരിക്കുമ്പോൾ പിശാച് അവരിൽ മൂന്നാമനായി മാറുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇമാം തിർമിദി റിപ്പോർട്ട് ചെയ്തിരിക്കുന്ന ഈ ഹദീസ്, മനുഷ്യന്റെ ദുർബലതയെ അംഗീകരിച്ചുകൊണ്ടാണ് ഏകാന്തതയിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തെ ഊന്നിപ്പറയുന്നത്.

മറ്റൊരു ഹദീസ് ഇങ്ങനെയാണ്. നബി(സ്വ) അരുളിച്ചെയ്തതായി അബൂഹുറയ്റ(റ) ഇപ്രകാരം ഉദ്ധരിക്കുന്നു: “... കണ്ണുകളുടെ വ്യഭിചാരം നോട്ടമാകുന്നു, കാതുകളുടെ വ്യഭിചാരം ചെവികൊടുക്കലാണ്, നാവിന്റെ വ്യഭിചാരം സംസാരമാകുന്നു. കൈയിന്റെ വ്യഭിചാരം പിടിക്കലാണ്, കാലിന്റെ വ്യഭിചാരം കാലടി വെക്കലാണ്. ഹൃദയം മോഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അതിനെ യഥാർഥമാക്കിത്തീർക്കുകയോ അല്ലെങ്കിൽ കളവാക്കുകയോ ചെയ്യുന്നു” (മുസ്‌ലിം: 2657).

അതായത്, ശാരീരിക ബന്ധത്തിൽ മാത്രമല്ല വ്യഭിചാരം നടക്കുന്നത്. കണ്ണുകൾ നോക്കുന്നതിലൂടെയും കൈകൾ സ്പർശിക്കുന്നതിലൂടെയും ഹൃദയം ആഗ്രഹിക്കുന്നതിലൂടെയും അത് ചെയ്യുന്നു. സ്വകാര്യ ഭാഗങ്ങൾ പിന്നീടത് സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നു. ഓൺലൈൻ ബന്ധങ്ങൾ ശാരീരികമല്ലാത്തതിനാൽ അവ നിരുപദ്രവകരമാണെന്ന ആധുനിക വാദത്തെ ഇത് പൊളിച്ചെഴുതുന്നു.

വിവാഹബാഹ്യ ബന്ധങ്ങളുടെ ഗൗരവം ക്വുർആൻ അത്യന്തം വ്യക്തമായി അവതരിപ്പിക്കുന്നു. ഏറെ ഗുരുതരമായ പാപങ്ങളിൽ അതിനെ ഇസ്‌ലാം ഉൾപ്പെടുത്തി. അല്ലാഹുവിൽ പങ്കുചേർക്കുന്നതും അന്യായ കൊലപാതകവും പോലുള്ള മഹാപാപങ്ങളോടൊപ്പം ക്വുർആൻ അതിനെ പരാമർശിക്കുന്നു. ഇഹലോകത്ത് അപമാനവും പരലോകത്ത് കടുത്ത ശിക്ഷയും ക്ഷണിച്ചുവരുത്തുന്ന ഒരു വഞ്ചനയായി അല്ലാഹു

**വ്യഭിചാരം ഇണകളെ മാത്രമല്ല, കുട്ടികളെയും കുടുംബങ്ങളെയും സമൂഹത്തിന്റെ മുഴുവൻ ധാർമിക ഘടനയെയും തന്നെ ഗുരുതരമായി ബാധിക്കുന്നു. ലജ്ജയുടെ അഭാവം ധാർമികാധഃപതനത്തിന്റെ അടയാളമാണെന്ന് പ്രവാചകൻ (സ്വ) പഠിപ്പിച്ചിട്ടുണ്ട്. അശ്ലീലത സമൂഹത്തിൽ വ്യാപകമാകുകയും പരസ്യമായി ചെയ്യുകയും ചെയ്താൽ അത് സമൂഹത്തെ മുഴുവനായി ബാധിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളിലേക്ക് നയിക്കുമെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകി. ഇത് ദൈവിക ശിക്ഷയായും ധാർമിക ക്രമം തകരുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന അനിവാര്യമായ ഫലമായും പഠിപ്പിക്കപ്പെടുന്നു.**

ഇതിനെ വിശേഷിപ്പിക്കുന്നു:

"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന്നു ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും"(25:68-69).

വ്യഭിചാരം ഇണകളെ മാത്രമല്ല, കുട്ടികളെയും കുടുംബങ്ങളെയും സമൂഹത്തിന്റെ മുഴുവൻ ധാർമിക ഘടനയെയും തന്നെ ഗുരുതരമായി ബാധിക്കുന്നു. ലജ്ജയുടെ അഭാവം ധാർമികാധഃപതനത്തിന്റെ അടയാളമാണെന്ന് പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുണ്ട്. അശ്ലീലത സമൂഹത്തിൽ വ്യാപകമാകുകയും പരസ്യമായി ചെയ്യുകയും ചെയ്താൽ അത് സമൂഹത്തെ മുഴുവനായി ബാധിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളിലേക്ക് നയിക്കുമെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകി. ഇത് ദൈവിക ശിക്ഷയായും ധാർമിക ക്രമം തകരുമ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന അനിവാര്യമായ ഫലമായും പഠിപ്പിക്കപ്പെടുന്നു.

### ഇസ്‌ലാം എന്തിനാണ് ഇത്ര ശക്തമായി സംസാരിക്കുന്നത്?

നിഷിദ്ധമായ ബന്ധങ്ങളെ ആത്മീയവും സാമൂഹികവുമായ ഗുരുതര ഭീഷണിയായി ഇസ്‌ലാം കണക്കാക്കുന്നുവെന്ന് ഇതിനകം നാം മനസ്സിലാക്കി. കാരണം അവ വിശ്വാസത്തെയും അന്തസ്സിനെയും ഉത്തരവാദിത്തത്തെയും ദുർബലപ്പെടുത്തുന്നു. ഉത്തരവാദിത്തമില്ലാതെ അടുപ്പവും പ്രതിബദ്ധതയില്ലാതെ ആനന്ദവും തേടാൻ അവ ഹൃദയത്തെ പരിശീലിപ്പിക്കുന്നു. കാലക്രമേണ സ്ഥിരതയുള്ള വിവാഹബന്ധങ്ങൾ രൂപപ്പെടുത്താനും നൽകിയ വാഗ്ദാനങ്ങൾ നിലനിർത്താനുമുള്ള ശേഷി ഇതിലൂടെ തകരാറിലാകുന്നു.

അതിനാൽ ഇസ്‌ലാമിന്റെ ഉറച്ച നിലപാട് അമിതമല്ല. വഞ്ചനയെ നിസ്സാരവൽകരിക്കുന്ന ഒരു സമൂഹത്തിന് കുടുംബങ്ങളെ നിലനിർത്താൻ കഴിയില്ല. അച്ചടക്കമില്ലാതെ ദേഹേച്ഛകൾ ആഘോഷിക്കുന്ന ഒരു സംസ്കാരം ഒടുവിൽ ഏകാന്തത, തകർന്ന വീടകങ്ങൾ, വിഷാദരോഗം എന്നിവയിൽ അവസാനിക്കുന്നു. ഇസ്‌ലാം തിന്മകളുടെ വാതിലുകൾ നേരത്തെ തന്നെ അടയ്ക്കുന്നതിലൂടെ ധാർമികത, കുടുംബഭദ്രത, വിശ്വാസം, ലജ്ജ എന്നിവയെ സംരക്ഷിക്കുന്നു.

വിവാഹത്തിനു മുമ്പുള്ള ബന്ധങ്ങൾ സ്വകാര്യ ആശയവിനിമയം, വൈകാരിക ആശ്രയത്വം എന്നിവ സാധാരണമാക്കുന്നു. അത്തരം ബന്ധങ്ങൾ ഉത്തരവാദിത്തമില്ലാത്ത അടുപ്പം സൃഷ്ടിക്കുന്നു. നിയമപരമായ സംരക്ഷണമില്ല, പ്രതിബദ്ധതയില്ല, സാമൂഹിക ഉത്തരവാദിത്തവുമില്ല. ഇത് ഉയർന്ന അപകടസാധ്യതയുള്ള ഒരു സാഹചര്യം സൃഷ്ടിക്കുന്നു. ഇത്തരത്തിലുള്ള അധഃപതനത്തിലേക്ക് പോകുന്നതിനെ ഇസ്‌ലാം തടയിടുന്നു. മനുഷ്യഹൃദയം ദുർബലണ്, നിയമസംഹിതകളില്ലാതെ സ്വയം നിയന്ത്രിക്കുവാൻ മനുഷ്യന് സാധ്യമല്ല.

വഴിവിട്ട ബന്ധങ്ങൾക്ക് പേരിടുന്നതിൽ ആധുനിക

തലമുറ ശ്രദ്ധേയമായ 'സർഗാത്മകത' പുലർത്തുന്നതായി നമുക്ക് കാണാം. ഒരുകാലത്ത് ബോയ്ഫ്രന്റ് അല്ലെങ്കിൽ ഗേൾഫ്രന്റ് എന്നൊക്കെ വ്യക്തമായി വിളിച്ചിരുന്ന ബന്ധങ്ങൾ, ഇന്ന് ബെസ്റ്റി, സിറ്റുവേഷൻഷിപ്പ്, ഒരു വൈബ് എന്നിങ്ങനെ വ്യത്യസ്ത ലേബലുകളിലൂടെ സങ്കീർണമാക്കപ്പെടുന്നു. ഈ പദങ്ങൾ നിഷ്കളങ്കമായതല്ല. ബന്ധങ്ങളുടെ പേര് മാറ്റുന്നതിലൂടെ, ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ കഴിയുന്നു. വ്യക്തമായി നിർവചിക്കപ്പെടാത്തതിനാൽ തങ്ങളുടെ പെരുമാറ്റം നിരുപദ്രവകരമാണെന്ന് വരുത്തിത്തീർക്കാനും സ്വയം വിശ്വസിക്കാനും ശ്രമിക്കുന്നു.

ഇസ്‌ലാം പ്രവണതകളുടെയോ പദാവലികളുടെയോ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളെ വിലയിരുത്തുന്നില്ല. അത് യാഥാർഥ്യത്തിന്റെ അടിസ്ഥാനത്തിൽ അവയെ വിലയിരുത്തുന്നു. വിവാഹത്തിന് പുറത്തുള്ള സ്വകാര്യ വൈകാരിക അടുപ്പം, അടുപ്പമുള്ള സംഭാഷണം, സ്പർശനം എന്നിവ അനുവദനീയമല്ല. സാധാരണവൽകരണം ഹറാമിനെ ഹലാലാക്കി മാറ്റുന്നില്ല. എന്തു പേരിട്ട് എങ്ങനെയൊക്കെ അണിഞ്ഞൊരുങ്ങിയാലും ഇസ്‌ലാമിക അതിരുകൾ ലംഘിക്കുന്ന ബന്ധം പാടില്ലാത്തതുതന്നെ.

**വിവാഹേതര ബന്ധങ്ങളും വിശ്വാസത്തിന്റെ നാശവും**

വിവാഹത്തിനു മുമ്പുള്ള ബന്ധങ്ങൾ കുടുംബത്തിലേക്കുള്ള പാതയെ അസ്ഥിരപ്പെടുത്തുന്നുവെങ്കിൽ, വിവാഹേതര ബന്ധങ്ങൾ കുടുംബങ്ങളെ പൂർണമായും നശിപ്പിക്കുന്നു. ഇസ്‌ലാം വ്യഭിചാരത്തെ ഒരു വലിയ പാപമായി കണക്കാക്കുന്നു, കാരണം ഇസ്‌ലാമിൽ വിവാഹം വെറുമൊരു സ്വകാര്യ ക്രമീകരണമല്ല; അത് സാമൂഹിക പ്രത്യാഘാതങ്ങളുള്ള ഒരു പൊതു ഉടമ്പടിയാണ്.

വിവാഹേതര ബന്ധങ്ങൾ വിശ്വാസത്തെ തകർക്കുന്നു, ഇണകളെ വേദനിപ്പിക്കുന്നു, വംശപരമ്പരയെ ആശയക്കുഴപ്പത്തിലാക്കുന്നു, കുട്ടികളെ ദ്രോഹിക്കുന്നു. ആധുനിക സംസ്കാരം ഇത്തരത്തിലുള്ള നിഷിദ്ധമായ ബന്ധങ്ങളെ 'സ്വയം കണ്ടെത്തൽ' (self discovery) അല്ലെങ്കിൽ 'വൈകാരിക സത്യസന്ധത' (emotional honesty) എന്നൊക്കെ പേരിട്ട് മഹത്ത്വവൽകരിക്കുന്നു. എന്നാൽ ഇസ്‌ലാം അവയെ വ്യക്തിഗത സ്വഭാവത്തെയും സാമൂഹിക സ്ഥിരതയെയും നശിപ്പിക്കുന്ന വഞ്ചനകളായി തുറന്നുകാട്ടുന്നു.

വിശ്വസ്തത ഐച്ഛികവും പ്രതിജ്ഞകൾ ഉപയോഗശൂന്യവുമാകുമ്പോൾ ഒരു സമൂഹത്തിന് ആരോഗ്യകരമായി തുടരാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ കർശനമായ നിലപാട് കാഠിന്യമല്ല; അത് ധാർമിക വ്യക്തതയാണ്.

വിവാഹത്തിന് മുമ്പുള്ള ലൈംഗിക ബന്ധങ്ങളുടെ സാധാരണവൽകരണത്തിലേക്ക് പാശ്ചാത്യ സമൂഹം യാദൃച്ഛികമായി എത്തിയതല്ല. 20ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ വിവാഹം, പ്രതിബദ്ധത, കുടുംബം എന്നിവയിൽനിന്ന് ലൈംഗികതയെ മനഃപൂർവം വേർപെടുത്തിയ ലൈംഗിക വിപ്ലവത്തിന്റെ (sexual revolution) ഫലമായിരുന്നു അത്. ലൈംഗികതയെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ അടയാളമായി പുനർനിർമിച്ചു.

ഇത് വിമോചനമായി അവതരിപ്പിക്കപ്പെട്ടെങ്കിലും, അതിന്റെ ദീർഘകാല സാമൂഹിക ഫലങ്ങൾ ഏറെ ദുരന്തമയമാണെന്ന് വ്യക്തമായിരിക്കുന്നു. അത് പരമ്പരാഗത കുടുംബഘടനയുടെ തകർച്ചയിലേക്കും ഒറ്റ രക്ഷിതാവുള്ള കുടുംബങ്ങളുടെ വർധനവിലേക്കും കുട്ടികളിലെ വൈകാരിക അസ്ഥിരതയിലേക്കും സമൂഹമാകെ അനുഭവപ്പെടുന്ന അരക്ഷിതാവസ്ഥയിലേക്കും നയിച്ചു. ഇതോടൊപ്പം ലൈംഗികമായി പകരുന്ന രോഗങ്ങളും ഗർഭച്ഛിദ്രങ്ങളും കുത്തനെ വർധിച്ചു.

1994ൽ ഡേവിഡ് ബ്ലാങ്കെൻഹോൺ രചിച്ച 'ഫാദർലസ് അമേരിക്ക' എന്ന പുസ്തകം ഈ പ്രതിസന്ധിയുടെ ഗൗരവം ശക്തമായി ചൂണ്ടിക്കാണിക്കുന്നു. അത് വെറും സാമൂഹിക വിവരണം മാത്രമായിരുന്നില്ല. സാമൂഹികാരോഗ്യത്തിന്റെ അടിത്തറയായി സ്ഥിരതയുള്ളതും പ്രതിബദ്ധതയുള്ളതുമായ രണ്ട് രക്ഷിതാക്കൾ ഉൾപ്പെട്ട കുടുംബഘടനയിലേക്കുള്ള തിരിച്ചുവരവിനുള്ള ഒരു ശക്തമായ ധാർമിക മുന്നറിയിപ്പായിരുന്നു അത്.

ഈ പശ്ചാത്തലത്തിൽ, ലൈംഗികബന്ധങ്ങളെ വിവാഹത്തിന്റെ പരിധിക്കുള്ളിൽ മാത്രം നിലനിർത്തണമെന്ന ഇസ്‌ലാമിന്റെ നിലപാട് ഏറെ പ്രസക്തമാണ്. കുട്ടികളെ സംരക്ഷിക്കുകയും ഉത്തരവാദിത്തബോധം നിലനിർത്തുകയും ലൈംഗിക വിപ്ലവം തുറന്നുകാട്ടിയ ദോഷങ്ങളിൽനിന്ന് സമൂഹത്തെ കാക്കുകയും ചെയ്യുന്ന ഒരു പ്രതിരോധ ചട്ടക്കൂടായിട്ടാണ് അതിനെ മനസ്സിലാക്കേണ്ടത്.

**സ്നേഹം, ആഗ്രഹം, അച്ചടക്കം**

പ്രണയത്തിനും ആഗ്രഹത്തിനും (desire) ഇടയിൽ ഇസ്‌ലാം കൃത്യമായ വേർതിരിവ് കാണുന്നു. ആഗ്രഹം ഉടനടിയും ഉപഭോഗവും തേടുന്നു. സ്നേഹം തുടർച്ചയും വളർച്ചയും തേടുന്നു. ആധുനിക സംസ്കാരത്തിൽ പ്രണയമായി വിപണനം ചെയ്യപ്പെടുന്ന പലതും കാവ്യാത്മക ഭാഷയിൽ ആഗ്രഹത്തോട് അടുത്താണ്. ഇത്തരത്തിലുള്ള ആഗ്രഹങ്ങൾ ദേഹേച്ഛയെ പിൻപറ്റലാണ്.

**വിവാഹം സംരക്ഷണമാണ്**

വിവാഹം സംരക്ഷണവും സുരക്ഷിതത്വവും നൽകുന്നു, വൈകാരിക ക്ഷേമം സംരക്ഷിക്കുന്നു, അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഉറപ്പാക്കുന്നു, സ്നേഹത്തിന് സ്ഥിരതയുള്ള ഒരു ഭവനം നൽകുന്നു. ഇത് വ്യക്തികൾ ദുരുപയോഗിക്കപ്പെടുന്നതിൽനിന്നും ഉപേക്ഷിക്കപ്പെടുന്നതിൽനിന്നും സംരക്ഷണം നൽകുന്നു. കുട്ടികളെ അസ്ഥിരതയിൽനിന്നും സമൂഹത്തെ ധാർമികാധഃപതനത്തിൽനിന്നും സംരക്ഷിക്കുന്നു.

ഇസ്‌ലാം വിവാഹമാകുന്ന കരാറിനു മുമ്പ് വധൂവരൻമാർ തമ്മിൽ കാണുവാനും കുടുംബങ്ങൾ തമ്മിൽ പരിചയപ്പെടാനും കാര്യങ്ങൾ പരസ്പരം അന്വേഷിച്ചറഞ്ഞതിനു ശേഷം മാത്രം വിവാഹവുമായി മുന്നോട്ട് പോകുവാനും പ്രോത്സാഹിപ്പിക്കുന്നു.

**വിവാഹം സ്ത്രീയും പുരുഷനും തമ്മിൽ കുറ്റമറ്റതും അനുവദനീയവുമായ ബന്ധം സ്ഥാപിക്കാനുള്ള ശരിയായ മാർഗമാണ്. ഇത് പാതിവ്രത്യം നിലനിർത്താനും വ്യഭിചാരത്തിന്റെയും ബന്ധപ്പെട്ട മറ്റു തിന്മകളുടെയും ചളിക്കുണ്ടിലേക്ക് വഴുതിവീഴുന്നതിൽനിന്നും വ്യക്തികളെ സംരക്ഷിക്കാനും സഹായിക്കുന്നു. അങ്ങനെ, സമൂഹങ്ങളുടെ സർവനാശത്തിന് പ്രധാന കാരണമായിത്തീരുന്ന സദാചാരഭ്രംശത്തിന്റെയും അധോഗതിയുടെയും വാതിലുകൾ വിവാഹത്തിലൂടെ വഴികൊട്ടിയടക്കപ്പെടുന്നു.**

വാലന്റൈൻസ് ദിനം വാണിജ്യവൽക്കകരിക്കപ്പെട്ടതും ദീർഘകാല ഉത്തരവാദിത്തത്തിൽനിന്ന് വിച്ഛേദിക്കപ്പെട്ടതുമായ പ്രണയത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഇസ്‌ലാം ഉത്തരവാദിത്തമുള്ളതും ശാന്തവും ആഴമേറിയതുമായ പ്രണയത്തിലേക്കുള്ള കവാടമായി വിവാഹത്തെ കാണുന്നു. ക്ഷമ, കരുണ, വിശ്വസ്തത എന്നിവയിലൂടെ വളരുന്ന ആഴമേറിയ സ്നേഹം. അതിന്റെ അടിത്തറയാകട്ടെ ശക്തമായ ദൈവവിശ്വാസമാണ്.

ഭൗതികവാദികളുടെ പ്രണയം രഹസ്യ ബന്ധങ്ങളിലും പ്രതീകാത്മകമായ ചില തീയതികളിലും ഒതുങ്ങുമ്പോൾ നിയമപ്രകാരമുള്ള വിവാഹത്തിലൂടെ മരണംവരെയുള്ള പ്രണയമാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അത് ആഴത്തിലുള്ള ആത്മബന്ധമാണ്.

പ്രണയത്തെ ഉച്ചത്തിൽ ആഘോഷിക്കുകയും എന്നാൽ എളുപ്പത്തിൽ ഉപേക്ഷിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ യഥാർഥ പ്രണയം സംരക്ഷണത്തിലും പവിത്രതയിലും അധിഷ്ഠിതമാണെന്ന് ഇസ്‌ലാം ഓർമിപ്പിക്കുന്നു.

വിവാഹം സ്ത്രീയും പുരുഷനും തമ്മിൽ കുറ്റമറ്റതും അനുവദനീയവുമായ ബന്ധം സ്ഥാപിക്കാനുള്ള ശരിയായ മാർഗമാണ്. ഇത് പാതിവ്രത്യം നിലനിർത്താനും വ്യഭിചാരത്തിന്റെയും ബന്ധപ്പെട്ട മറ്റു തിന്മകളുടെയും ചളിക്കുണ്ടിലേക്ക് വഴുതിവീഴുന്നതിൽനിന്നും വ്യക്തികളെ സംരക്ഷിക്കാനും സഹായിക്കുന്നു. അങ്ങനെ, സമൂഹങ്ങളുടെ സർവനാശത്തിന് പ്രധാന കാരണമായിത്തീരുന്ന സദാചാരഭ്രംശത്തിന്റെയും അധോഗതിയുടെയും വാതിലുകൾ വിവാഹത്തിലൂടെ വഴികൊട്ടിയടക്കപ്പെടുന്നു. ■

# തിരഞ്ഞെടുപ്പ് പ്രചാരണരീതി;
# കാലികമായ മാറ്റം അനിവാര്യം

സിഎൻ ഷുഹൈബ്, മാതാംകുളം
:9947676864

ജനാധിപത്യ പ്രക്രിയയുടെ അവിഭാജ്യ ഘടകമാണ് തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾ. എന്നാൽ, കാലം മാറിയിട്ടും മാറ്റമില്ലാതെ തുടരുന്ന ചില പ്രചാരണ രീതികൾ വോട്ടർമാരെ എത്രത്തോളം സ്വാധീനി ക്കുന്നുണ്ടെന്നത് ഗൗരവകരമായി ആലോചിക്കേണ്ട കാര്യമാണ്. പാതയോരങ്ങളിൽ നിരനിരയായി സ്ഥാപിച്ചിരിക്കുന്ന ഫ്ളക്സുകളും നാടിന്റെ മുക്കുമൂലകളിൽ ഉച്ചഭാഷിണിയിലൂടെ മുഴങ്ങുന്ന അനൗൺസ്മെന്റുകളും കണ്ടും കേട്ടും വോട്ടർമാർ മാറിച്ചിന്തിക്കുമെന്ന് കരുതുന്നത് വിവരമില്ലായ്മയാണ്. ഇതര പാർട്ടിക്കാരനായ സ്ഥാനാർഥിയുടെ പേര് ആയിരം തവണ കേട്ടതുകൊണ്ടോ ചിഹ്നം അനേകം തവണ കണ്ടതുകൊണ്ടോ മാത്രം ഒരാൾ തന്റെ പാർട്ടിയുടെ സ്ഥാനാർഥിക്ക് വോട്ടു ചെയ്യാതെ അയാൾക്ക് ചെയ്യുമോ? ഒരിക്കലുമില്ല! ഈ വക കോപ്രായങ്ങൾകൊണ്ട് ഒരാൾക്ക് ലഭിക്കുന്ന വോട്ടുകളുടെ എണ്ണത്തിൽ കാര്യമായ മാറ്റമുണ്ടാകില്ലെന്ന് ഉറപ്പിച്ചു പറയാം. രാഷ്ട്രീയ പാർട്ടിയിലോ, സ്ഥാനാർഥിയിലോ ഉള്ള വിശ്വാസം ജനങ്ങളുടെ മനസ്സിൽ നേരത്തെ തന്നെ രൂപപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ, ജനങ്ങളെ ശല്യം ചെയ്തുകൊണ്ടുള്ള ഇത്തരം 'പ്രകടനങ്ങൾ' പലപ്പോഴും വോട്ടർമാരിൽ വിരക്തിയും അതൃപ്തിയുമാണ് ഉളവാക്കുന്നത്.


വാഹനങ്ങളിൽ ഉച്ചഭാഷിണികൾ ഘടിപ്പിച്ചുകൊണ്ടുള്ള പ്രചാരണം പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കും വീടുകളിൽ കഴിയുന്ന രോഗികൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും പ്രായമായവർക്കും വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുക.

പ്രചാരണത്തിനായി ആധുനിക മാധ്യമങ്ങൾ ധാരാളം നിലവിലുണ്ടായിരിക്കെ എന്തിനാണ് ജനങ്ങളുടെ സ്വൈര്യജീവിതം തകർത്തുകൊണ്ട് ഈ പഴയ രീതികൾ പിന്തുടരുന്നത്? ലക്ഷക്കണക്കിന് രൂപ ചെലവാക്കി അടിക്കുന്ന പോസ്റ്ററുകളും ഫ്ളക്സുകളും തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ മാലിന്യക്കൂമ്പാരമായി നമ്മുടെ പൊതു ഇടങ്ങളിൽ കൂട്ടിവെക്കാം എന്നതല്ലാതെ മറ്റെന്ത് നേട്ടമാണ് ഈ പ്രചാരണ രീതികൊണ്ട് ലഭിക്കുന്നത്?

ഓരോ സ്ഥാനാർഥിയും പ്രചാരണത്തിനായി ചെലവഴിക്കുന്നത് ലക്ഷങ്ങളാണ്. അപ്പോൾ എത്ര കോടി രൂപയായിരിക്കും സംസ്ഥാനത്തൊട്ടാകെ ചെലവഴിക്കപ്പെടുന്നത്! തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ നിന്നും വാഹനങ്ങളിലെ അനൗൺസ്മെന്റുകൾ, പോസ്റ്ററുകൾ, ഫ്ളക്സുകൾ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം.

വോട്ടർമാരിലേക്ക് ഇറങ്ങിച്ചെല്ലാൻ നവമാധ്യമങ്ങളെ എന്തുകൊണ്ട് ഉപയോഗിച്ചുകൂടാ? സോഷ്യൽ മീഡിയയെ ഫലപ്രദമായി ഉപയോഗിക്കാം. ഡിജിറ്റൽ ക്യാമ്പയ്നുകൾ നടത്താം, ആശയസംവാദങ്ങൾ നടത്താം, ഓഡിയോ വീഡിയോ ക്ലിപ്പുകളുടെ രൂപത്തിൽ പ്രചാരണം പൊലിപ്പിക്കാം. അതുപോലെ പഴയകാല ജനസമ്പർക്ക പരിപാടികൾ നടത്താം. വോട്ടർമാരുടെ വീട്ടിലെത്തിയും അല്ലാതെയും സംവദിക്കാം.

ദിവസങ്ങൾക്കപ്പുറം വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിലെങ്കിലും പരിസ്ഥിതി സൗഹൃദവും ശാന്തവുമായ ഒരു തിരഞ്ഞെടുപ്പ് രീതി നടപ്പിലാക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാകണം. ജനവിധി തേടേണ്ടത് ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടല്ല, മറിച്ച് അവരുടെ ഹൃദയം അറിഞ്ഞായിരിക്കണം.



**ഇഖ്‌വാനുൽ മുസ്‌ലിമൂൻ: മതത്തിന്റെ പരിവേഷമണിഞ്ഞ അപകടം**

**8**

# ഇസ്‌ലാമിനെ രാഷ്ട്രീയവത്കരിച്ചതിന്റെ അപകടങ്ങൾ

മുഹമ്മദ് അമീൻ

പ്രവാചകന്മാരുടെ ചരിത്രവും അവരുടെ പ്രബോധന മാർഗവും സൂക്ഷ്മമായി പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്ന ഒരു സത്യമുണ്ട്; നൂഹ് നബി(അ) മുതൽ മുഹമ്മദ് നബി(സ്വ) വരെയുള്ള സകല പ്രവാചകന്മാരുടെയും പ്രബോധനം പ്രധാനമായും നാല് അടിത്തറകളിൽ ഊന്നിയുള്ളതായിരുന്നു. ഒന്നാമതായി, അല്ലാഹുവിന്റെ ഉലൂഹിയ്യത്തിലും (ആരാധന), റുബൂബിയ്യത്തിലും (രക്ഷിതാവ് എന്ന സ്ഥാനം), നാമവിശേഷണങ്ങളിലും (അസ്മാഉ വസ്സ്വിഫാത്ത്) അവനെ ഏകനാക്കുക എന്ന തൗഹീദിലേക്കുള്ള ക്ഷണം.

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ" (അൽബക്വറ: 21) എന്നതായിരുന്നു അവരുടെ മുഖ്യസന്ദേശം. രണ്ടാമതായി, തൗഹീദിന്റെ പൂർത്തീകരണത്തിനായുള്ള; നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധനാ

ബന്ധത്തിലൂടെയാണ് ഈ പിഴച്ച ചിന്താഗതി രൂപം പ്രാപിച്ചത്. ഖുർആനിലെ 'ഇലാഹ്' (ആരാധ്യൻ), 'റബ്ബ്' (രക്ഷിതാവ്) എന്നീ സുപ്രധാന പദങ്ങൾക്ക് അദ്ദേഹം നൽകിയ അർഥം കേവലം രാഷ്ട്രീയപരമായ അധികാരം എന്നായിരുന്നു. പ്രവാചകന്മാരും അവരുടെ ജനതയും തമ്മിലുള്ള തർക്കം ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചായിരുന്നില്ലെന്നും ഭരണത്തെക്കുറിച്ചായിരുന്നു എന്നും അദ്ദേഹം വാദിച്ചു.

ഖുർആനിനെയും പ്രവാചകചര്യയെയും ഇസ്‌ലാമിക ചരിത്രത്തെയും പൂർണമായും രാഷ്ട്രീയവൽക്കരിച്ച മൗദൂദി, പ്രവാചകന്മാരുടെ ദൗത്യം 'ഇസ്‌ലാമിക വിപ്ലവം' (ഇൻഖിലാബ്) സൃഷ്ടിക്കലാണെന്ന് സമർഥിക്കാനാണ് ശ്രമിച്ചത്.

അധികാരത്തിന് വേണ്ടിയുള്ള വടംവലികളാണ് പ്രവാചകന്മാരുടെ ചരിത്രമെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. പ്രവാചകന്മാരെ പോലും രാഷ്ട്രീയ നേതാക്കളായി കാണുന്ന അവസ്ഥയും ഉണ്ടായി. മുസ്‌ലിം യുവാക്കളെ വഴിതെറ്റിക്കുന്നതിൽ മൗദൂദിയുടെ കൃതികൾ വലിയ പങ്കുവഹിച്ചു. 1970കളുടെ മധ്യത്തിൽ ഈജിപ്തിലെ സർവകലാശാലകളിൽ മൗദൂദിയുടെ 'ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം,' 'ജിഹാദ്,' 'ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ' തുടങ്ങിയ പുസ്തകങ്ങൾ വ്യാപകമായി വിതരണം ചെയ്യപ്പെട്ടിരുന്നു. പണ്ഡിതന്മാരെയും അവരുടെ സ്ഥാനത്തെയും അദ്ദേഹം നിസ്സാരവൽക്കരിച്ചു. 'വാജിബു ശ്ശബാബ്' (യുവാക്കളുടെ ബാധ്യത) എന്ന കൃതിയിൽ അദ്ദേഹം എഴുതി: "നമ്മുടെ സാമൂഹിക ജീ

കർമങ്ങളുടെ വിശദീകരണം. മൂന്നാമതായി, പരലോക വിശ്വാസം ജനഹൃദയങ്ങളിൽ ഉറപ്പിക്കൽ. നാലാമതായി, സൽസ്വഭാവങ്ങളിലൂടെ ആത്മാവിനെ സംസ്കരിക്കൽ. മനുഷ്യസൃഷ്ടിപ്പിന്റെയും പ്രവാചക നിയോഗത്തിന്റെയും വേദഗ്രന്ഥങ്ങളുടെ അവതരണത്തിന്റെയും പരമപ്രധാനമായ ലക്ഷ്യം മനുഷ്യരെ അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യുന്നവരാക്കി മാറ്റുക എന്നതായിരുന്നു.

എന്നാൽ, ആധുനിക കാലത്ത് ഇസ്‌ലാമിനെ തെറ്റായി വ്യാഖ്യാനിച്ച ചിലർ ഈ അടിസ്ഥാന തത്ത്വങ്ങളെയെല്ലാം കീഴ്മേൽ മറിച്ചു. പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ കാതലായ വശം 'ഇബാദത്ത്' (ആരാധന) ആണെന്നത് അവർ വിസ്മരിച്ചു. പകരം, 'ഹാകിമിയ്യത്ത്' (ഭരണാധികാരം/പരമാധികാരം) എന്ന രാഷ്ട്രീയ ലക്ഷ്യമാണ് പ്രവാചകനിയോഗത്തിന്റെ മുഖ്യ അജണ്ടയെന്ന് അവർ സിദ്ധാന്തിച്ചു. അല്ലാഹുവിന് മാത്രം ആരാധനകൾ അർപ്പിക്കാനോ വിഗ്രഹങ്ങളെ വെടിയാനോ അല്ല പ്രവാചകന്മാർ വന്നതെന്നും, മറിച്ച് 'ഭരണം' പിടിച്ചെടുക്കാനാണെന്നും ഇക്കൂട്ടർ ജൽപിച്ചു. ഇതിന്റെ ഫലമായി തൗഹീദ് എന്നാൽ ഭരണകൂടം സ്ഥാപിക്കലാണെന്നും, ശിർക്ക് എന്നാൽ ഭരണകൂടത്തെ അനുസരിക്കലാണെന്നും അവർ വരുത്തിത്തീർത്തു. പ്രവാചകന്മാർ ജനങ്ങളെ ക്ഷണിച്ചത് അല്ലാഹുവിന്റെ ഏകത്വത്തിലേക്കാണ്, അല്ലാതെ ഭരണം പിടിച്ചെടുക്കാനായിരുന്നില്ല എന്ന ലളിതമായ സത്യത്തെ ഇവർ തമസ്കരിച്ചു.

ഈ രാഷ്ട്രീയ വ്യാഖ്യാനത്തിന് വിത്തുപാകിയത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽനിന്നുള്ള അബുൽ അഅ്ലാ മൗദൂദിയാണ്. 1939ൽ ലാഹോറിൽ വെച്ച് അദ്ദേഹം അവതരിപ്പിച്ച 'ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം' എന്ന പ്ര

**ഖുർആനിനെയും പ്രവാചക ചര്യയെയും ഇസ്‌ലാമിക ചരിത്രത്തെയും പൂർണമായും രാഷ്ട്രീയവൽക്കരിച്ച മൗദൂദി, പ്രവാചകന്മാരുടെ ദൗത്യം 'ഇസ്‌ലാമിക വിപ്ലവം' (ഇൻഖിലാബ്) സൃഷ്ടിക്കലാണെന്ന് സമർഥിക്കാനാണ് ശ്രമിച്ചത്. അധികാരത്തിന് വേണ്ടിയുള്ള വടംവലികളാണ് പ്രവാചകന്മാരുടെ ചരിത്രമെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. പ്രവാചകന്മാരെ പോലും രാഷ്ട്രീയ നേതാക്കളായി കാണുന്ന അവസ്ഥയും ഉണ്ടായി. മുസ്‌ലിം യുവാക്കളെ വഴിതെറ്റിക്കുന്നതിൽ മൗദൂദിയുടെ കൃതികൾ വലിയ പങ്കുവഹിച്ചു.**

വിതത്തിൽ പണ്ഡിതന്മാരുടെ സ്ഥാനം കാറിലെ 'ബ്രേക്ക്' പോലെ മാത്രമാണ്. വണ്ടിയുടെ വേഗത കുറയ്ക്കുക എന്നത് മാത്രമാണ് അവരുടെ പണി."

ഇസ്‌ലാമിക വിജ്ഞാനത്തെയും പണ്ഡിതന്മാരെയും അവഗണിച്ചുകൊണ്ട്, വികാരജീവികളായ യുവാക്കളെ ഉപയോഗിച്ച് വിപ്ലവങ്ങൾ സൃഷ്ടിക്കാൻ ശ്രമം നടന്നു.

നിലവിലുള്ള ഭരണകൂടങ്ങളെ അട്ടിമറിക്കലും അധികാരം പിടിച്ചെടുക്കലും മതപരമായ ബാധ്യതയായി അവതരിപ്പിക്കപ്പെട്ടു.

സത്യവും അസത്യവും തിരിച്ചറിയാനുള്ള വിവേകം ഇക്കൂട്ടർക്ക് നഷ്ടപ്പെട്ടിരുന്നു എന്നതിന് തെളിവാണ് ഇറാനിലെ ഖുമൈനിയുടെ വിപ്ലവത്തെ ഇവർ പിന്തുണച്ചത്. ശിയാക്കളുടെ ഭീകരമായ ആശയങ്ങളിലൂന്നിയ വിപ്ലവമായിരുന്നിട്ടുകൂടി, അത് 'ഇസ്‌ലാമിക വിപ്ലവ'മാണെന്നും അതിനെ പിന്തുണയ്ക്കൽ ബാധ്യതയാണെന്നും മൗദൂദി പ്രഖ്യാപിച്ചതായി 'അൽമൗദൂദി വൽഖുമൈനി' (മൗദൂദിയും ഖുമൈനിയും) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അധികാരം പിടിച്ചെടുക്കുക എന്ന രാഷ്ട്രീയ ലക്ഷ്യത്തിന് മുന്നിൽ ആദർശപരമായ വ്യതിയാനങ്ങൾ അവർക്ക് പ്രശ്നമല്ലായിരുന്നു.

ഈജിപ്തിൽ അൻവർ സാദത്തിന്റെ കാലഘട്ടത്തിൽ മുസ്‌ലിംകൾ അനുഭവിച്ചിരുന്ന മതസ്വാതന്ത്ര്യത്തെ അട്ടിമറിക്കാനും, രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാനും ശ്രമിച്ച അഹ്മദ് അൽമഹല്ലാവിയെപ്പോലുള്ളവർ ഈ മൗദൂദിയൻ ചിന്താഗതിയുടെ ഉൽപന്നങ്ങളായിരുന്നു. അസ്വാൻ മുതൽ റാസ് അൽബർ വരെ സഞ്ചരിച്ച് ഭരണകൂടത്തിനെതിരെ വിദ്വേഷം വമിപ്പിക്കുകയും ഒടുവിൽ സാദത്തിന്റെ വധത്തിലും അസ്യിമൂത്തിലെ പോലീസ് ആസ്ഥാനം ആക്രമിക്കുന്നതിലേക്കും നയിച്ചത് ഈ ചിന്താഗതികളായിരുന്നു. ഇസ്‌ലാമിനെതിരെ സെക്യുലറിസ്റ്റുകൾക്ക് ശബ്ദമുയർത്താൻ അവസരമൊരുക്കിയത് ഇത്തരം എടുത്തുചാട്ടക്കാരായിരുന്നു.

ചുരുക്കത്തിൽ, അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്ന പരമപ്രധാനമായ ലക്ഷ്യത്തിൽ നിന്ന് മുസ്‌ലിം ഉമ്മത്തിനെ വ്യതിചലിപ്പിച്ച്, അധികാരം പിടിച്ചെടുക്കുക എന്ന ഭൗതിക ലക്ഷ്യത്തിലേക്ക് തിരിച്ചുവിട്ടത് ഇത്തരം ചിന്താഗതികളാണ്. തൗഹീദ് എന്നാൽ 'ഹാകിമിയ്യത്ത്' ആണെന്ന് ഇവർ തെറ്റിദ്ധരിപ്പിച്ചു. യഥാർഥത്തിൽ, അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുക എന്നത് ഇബാദത്തിന്റെ ഭാഗമാണ്. എന്നാൽ അതിനെ മാത്രം കേന്ദ്രീകരിച്ച്, ഇബാദത്തിന്റെ മറ്റു വശങ്ങളെ അവഗണിക്കുകയും, ദീനിനെ ഒരു രാഷ്ട്രീയ പാർട്ടിക്ക് സമാനമായി മാറ്റുകയും ചെയ്തതാണ് ഇവർ ചെയ്ത മഹാ അപരാധം. ഈ രാഷ്ട്രീയ വ്യാഖ്യാനങ്ങളിൽനിന്ന് മുക്തമായി, പ്രവാചകന്മാർ കാണിച്ചുതന്ന യഥാർഥ തൗഹീദിലേക്കും സുന്നത്തിലേക്കും മടങ്ങുക എന്നതാണ് ഈ കാലഘട്ടത്തിലെ മുസ്‌ലിംകളുടെ ബാധ്യത. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ■

**അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുക എന്നത് ഇബാദത്തിന്റെ ഭാഗമാണ്. എന്നാൽ അതിനെ മാത്രം കേന്ദ്രീകരിച്ച്, ഇബാദത്തിന്റെ മറ്റു വശങ്ങളെ അവഗണിക്കുകയും, ദീനിനെ ഒരു രാഷ്ട്രീയ പാർട്ടിക്ക് സമാനമായി മാറ്റുകയും ചെയ്തതാണ് ഇവർ ചെയ്ത മഹാ അപരാധം. ഈ രാഷ്ട്രീയ വ്യാഖ്യാനങ്ങളിൽനിന്ന് മുക്തമായി, പ്രവാചകന്മാർ കാണിച്ചുതന്ന യഥാർഥ തൗഹീദിലേക്കും സുന്നത്തിലേക്കും മടങ്ങുക എന്നതാണ് ഈ കാലഘട്ടത്തിലെ മുസ്‌ലിംകളുടെ ബാധ്യത.**

# ചൈനയുടെ കണ്ണുനീർ; ലോകത്തിനുള്ള മുന്നറിയിപ്പ്!

ടി.കെ അശ്‌റഫ്
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199


ചൈന ഇന്ന് നേരിടുന്ന ദയനീയ സാഹചര്യം കേവലം ജനനനിരക്കിലെ കുറവ് മാത്രമല്ല, ഒരു സമൂഹത്തിന്റെയാകെ നിലനിൽപ്പിനെ ബാധിക്കുന്ന ഘടനപരമായ തകർച്ചയാണ്. ഒരു കാലത്ത് ജനസംഖ്യാ വർധനവ് തടയാൻ ഗർഭനിരോധന മാർഗങ്ങൾക്ക് നികുതിയിളവ് നൽകിയ അതേ ചൈന, ഇന്ന് ആ സാമഗ്രികളുടെ 'വാറ്റ്' (VAT) വർധിപ്പിച്ചും കുഞ്ഞുങ്ങൾ ഉണ്ടായാൽ വലിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചും ജനങ്ങളെ അനുനയിപ്പിക്കാൻ ശ്രമിക്കുകയാണ്.

കഴിഞ്ഞ വർഷം ചൈനയിൽ ജനിച്ചത് വെറും 79.2 ലക്ഷം കുഞ്ഞുങ്ങൾ മാത്രമാണ്. ജനനനിരക്ക് കുറയുമ്പോൾ മരണനിരക്ക് വർഷാവർഷം കൂടിക്കൊണ്ടിരിക്കുന്നു എന്നതും ആ രാജ്യത്തെ വല്ലാതെ ഭയപ്പെടുത്തുന്നു.

വിവാഹം കഴിക്കാൻ യുവാക്കൾ മടിക്കുന്നതാണ് ചൈന നേരിടുന്ന മറ്റൊരു വലിയ പ്രതിസന്ധി. 2023ൽ 76.8 ലക്ഷം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തെങ്കിൽ 2024ൽ അത് 61 ലക്ഷമായി കുറഞ്ഞു. വധുവിനെ കണ്ടെത്താൻ ബുദ്ധിമുട്ടുന്ന യുവാക്കൾക്കായി സർക്കാർ തന്നെ ഇടപെടേണ്ടി വരുന്ന അവസ്ഥയാണിന്ന്.

വിദ്യാർഥികളിൽ പ്രണയവും കുടുംബബന്ധങ്ങളും പ്രോത്സാഹിപ്പിക്കാനായി സർവകലാശാലകൾ 'പ്രണയ അവധി' പോലും നൽകുന്നു എന്നത് അവിടുത്തെ അവസ്ഥ എത്രത്തോളം ദയനീയമാണെന്ന് കാട്ടിത്തരുന്നു. 2035 ആകുമ്പോഴേക്കും 40 കോടി വയോധികരുള്ള ഒരു രാജ്യമായി ചൈന മാറുമ്പോൾ, അവിടെ അധ്വാനിക്കാൻ കൈകളും ചിന്തിക്കാൻ തലച്ചോറുകളും ഇല്ലാതെ പോകും എന്നതാണ് യാഥാർഥ്യം.

ഈ സാഹചര്യത്തിൽ കേരളവും ഇന്ത്യയും ഒട്ടേറെ പാഠങ്ങൾ പഠിക്കാനുണ്ട്. ജനസംഖ്യ എന്നത് വെറുമൊരു ഭീഷണിയാണെന്ന പഴയ പല്ലവി നമ്മൾ ഇനിയെങ്കിലും മാറ്റണം. 'ജനസംഖ്യാദിന'ത്തിൽ ഇപ്പോഴും 'പോപ്പുലേഷൻ ബോംബ്' എന്ന പേടിപ്പെടുത്തുന്ന തിയറികളാണ് അധികാരികൾ പോലും വിളിച്ചുപറയുന്നത്. എന്നാൽ ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ വിഭവം അവിടുത്തെ മനുഷ്യ വിഭവശേഷിയാണെന്ന് നാം തിരിച്ചറിയണം.



ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വെറും 'വായ' മാത്രമല്ല, അധ്വാനിക്കാനുള്ള കൈകളും കാലുകളും ചിന്തിക്കാനുള്ള മസ്തിഷ്കവുമുണ്ട്. ഈ മനുഷ്യശക്തിയെ സക്രിയമായി ഉപയോഗപ്പെടുത്താൻ കഴിയുന്നിടത്താണ് ഒരു നാടിന്റെ വിജയം.

ജനന നിയന്ത്രണമല്ല, മറിച്ച് ജനിക്കുന്നവർക്ക് മികച്ച സാഹചര്യമൊരുക്കി അവരെ രാജ്യത്തിന്റെ കരുത്താക്കി മാറ്റുകയാണ് വിവേകം.

ചൈന നേരിടുന്ന ഈ പ്രതിസന്ധി നമ്മുടെ നാട്ടിലെ പുതിയ തലമുറയ്ക്കും അധികാരികൾക്കും ഒരു വലിയ പാഠമാകട്ടെ. മനുഷ്യവിഭവശേഷിയെ ഭാരമായി കാണുന്ന പഴയ രീതി ഉപേക്ഷിച്ച്, അതിനെ രാജ്യത്തിന്റെ ആസ്തിയായി കാണുന്ന ഒരു പുനരാലോചന അനിവാര്യമാണ്. ■

**നമ്മുടെ നാട്ടിൽ തന്നെ ആരാധനാലയങ്ങളിൽ അടക്കം അത്തരം നിയന്ത്രണങ്ങൾ നിലവിലുണ്ട്. അത് പൊതു ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ജനപ്രതിനിധികളും ഭരണകൂടവും നിയമപാലകരും മുൻകൈ എടുക്കണം. കോടതികൾ പല സന്ദർഭങ്ങളിൽ ഈ വിഷയത്തിന്റെ ഗൗരവം ഉണർത്തിയിട്ടുണ്ടെ ങ്കിലും ശക്തമായ നിയമവും നടപടികളും അനിവാര്യമാണ്. മറ്റുള്ളവരുടെ ജീവിതം തകർത്തല്ല പണം സമ്പാദി ക്കേണ്ടത്; അതിന് മാന്യമായ വഴികൾ തേടുകയെന്നതാണ് വിവേകമതികൾ ചെയ്യേണ്ടത്.**




# പൊതുവിടങ്ങളിലെ വ്ളോഗിംഗ് ശല്യങ്ങൾ

നബീൽ പയ്യോളി
: +966 55 771 0981

കോവിഡ് കാലം ഉണ്ടാക്കിയ പ്രതിസന്ധികൾ ധാരാളമുണ്ട്. പലരുടെയും ജീവിതത്തിലേക്ക് മാറാരോഗങ്ങൾ വന്നു, ബിസിനസ് തകർന്നു, അങ്ങനെ പലതും. എന്നാൽ അതിനെക്കാൾ ഒരുപക്ഷേ, വലിയ ദുരന്തമായി മാറിയത് സാമൂഹ്യ മാധ്യമങ്ങളിൽനിന്നും വരുമാനം ഉണ്ടാക്കാനുള്ള വഴികൾ തേടിയുള്ള അഭ്യാസങ്ങളാണ്. ഒരു മൊബൈലും ഇന്റർനെറ്റ് കണക്ഷനുമുണ്ടെങ്കിൽ ആർക്കും പണം സമ്പാദിക്കാനുള്ള സാധ്യതകൾ സാമൂഹ്യമാധ്യങ്ങൾ ലോകത്തിന് നൽകി. അത് തിരിച്ചറിഞ്ഞ് ആളുകൾ അതിന് പുറകെ പോകുന്ന സാഹചര്യം ഉണ്ടാക്കിയ പ്രതിസന്ധികൾ ചെറുതല്ല.

വരുമാന മാർഗം കണ്ടെത്തുക എന്നത് ജീവിതം മുന്നോട്ട് പോകാൻ അനിവാര്യമാണ്. എന്നാൽ സാമൂഹ്യ മാധ്യമങ്ങളിലെ സാധ്യതകൾ തിരിച്ചറിഞ്ഞു പഠനവും ജോലിയുമൊക്കെ ഉപേക്ഷിച്ച് സോഷ്യൽമീഡിയ വരുമാനം കൊണ്ട് മാത്രം ജീവിക്കാൻ തീരുമാനിച്ച പലരുമുണ്ട്. അവർക്കു മുമ്പിലെ ഏറ്റവും പ്രധാന വെല്ലുവിളി കണ്ടന്റ് തന്നെയാണ്. ഏത് വിഷയത്തിലുള്ള വീഡിയോയാണ് ഇന്ന് പോസ്റ്റ് ചെയ്യേണ്ടത് എന്ന ചിന്തയാണ് ഓരോ പ്രഭാതത്തിലും അവരെ അലട്ടുക. ഘട്ടം ഘട്ടമായി സോഷ്യൽ മീഡിയ പ്രൊവൈഡർമാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും വരുമാനത്തിൽ കാര്യമായ കുറവ് വരുത്തിയതുമൊക്കെ 'സോഷ്യൽ

മീഡിയ ജീവിതങ്ങൾ' നേരിടുന്ന വലിയ വെല്ലുവിളിയാണ്. കൂടുതൽ ആളുകൾ കാണാൻ എന്തുണ്ട് വഴി എന്നിടത്തുനിന്നാണ് ലജ്ജയില്ലാത്തവിധം -കാലത്ത് ഉണരുന്നത് മുതൽ രാത്രി ഉറങ്ങുന്നതുവരെ- വീഡിയോകൾ മാലോകരെ കാണിച്ച് പണമുണ്ടാക്കുന്നവരെ നമുക്ക് ചുറ്റും കാണുന്നത്. ദുരന്തം എന്നല്ലാതെ എന്തു പറയാൻ! അതിനെക്കാൾ മോശമായ പലതും ആ വിപണിയിൽ ഇന്ന് ചൂടപ്പംപോലെ വിറ്റ് പണം സമ്പാദിക്കുന്ന നിരവധിപേരുണ്ട്.

ഏതായാലും കണ്ടന്റ് ക്ഷാമം പരിഹരിക്കാനാണ് പലരും മൊബൈലുമായി പൊതുവിടങ്ങളിൽ ഇറങ്ങി പൊതുശല്യമായി മാറുന്നത്. മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും സ്വകാര്യതയെയും ഹനിക്കുന്ന തരത്തിലേക്ക് ഇത്തരം അവിവേകികളുടെ ഇടപെടൽ ഉണ്ടെന്നത് ഗൗരവതരമായി സമൂഹം ചർച്ച ചെയ്യേണ്ടതാണ്. നടക്കാനും ഇരിക്കാനും ഭക്ഷണം കഴിക്കാനും, എന്തിന് മരണവീട്ടിൽ പോലും സ്വസ്ഥമായി പോകാൻ പറ്റാത്ത വിധം ക്യാമറക്കണ്ണുകൾ നമ്മുടെയൊക്കെ ജീവിതത്തെ വലിയതോതിൽ അലോസരപ്പെടുത്തുന്നു. വ്യക്തി എന്ന നിലയിൽ ഏതൊരാൾക്കും അയാളുടെ സ്വകാര്യതയെയും വ്യക്തിത്വത്തെയും കാത്ത് സൂക്ഷിക്കാൻ അനുവദിക്കുക എന്നത് മിനിമം മര്യാദയാണ്. പലതരത്തിലുള്ള സാഹചര്യങ്ങളും പ്രതിസന്ധികളും മാനസികാവസ്ഥകളും ഉള്ളവരായിരിക്കും ആളുകൾ. മാതാവും പിതാവും തമ്മിൽ വേർപിരിഞ്ഞു നിൽക്കുന്ന സാഹചര്യത്തിലുള്ള ഒരു കുട്ടി പിതാവ് അറിയാതെ മാതാവിനെ കാണാൻ വരികയും അവർ സ്നേഹം പങ്കുവെക്കുകയും സംസാരിച്ചിരിക്കുകയും ചെയ്യുന്ന ഇടത്തേക്കായിരിക്കും ചിലപ്പോൾ ഈ ക്യാമറക്കണ്ണുകൾ ശല്യമായി കടന്നുവരുന്നത്. അങ്ങനെ അനവധി സാഹചര്യങ്ങളിലെ സ്വകാര്യ ഇടങ്ങളിലേക്ക് ഇത്തരം ആളുകൾ ക്യാമറയുമായി വന്ന് പ്രതിസന്ധികൾ ഉണ്ടാക്കാറുണ്ട്.

എങ്ങനെയും പണം സമ്പാദിക്കാനും റീച്ച് കൂട്ടാനുമായി മനുഷ്യത്വത്തിന്റെയും മാന്യതയുടെയും സകല സീമകളും ലംഘിച്ച് മുന്നോട്ട് പോകുന്നവർക്ക് തിരിച്ചറിവ് നൽകുന്ന നിരവധി സംഭവങ്ങൾ പലപ്പോഴും നമ്മൾ കണ്ടതാണ്. അതിൽ ഒടുവിലത്തെ ഉദാഹരമാണ് കോഴിക്കോട് സ്വദേശിയുടെ ആത്മഹത്യയിലേക്ക് കാര്യങ്ങൾ എത്തിച്ചത്. ഒരു വ്യക്തിക്കും അവന്റെ/അവളുടെ അഭിമാനത്തിന് ക്ഷതമേൽക്കുന്നത് താങ്ങാൻ കഴിയില്ല. അതിന് കാരണക്കാരാകാതിരിക്കാനുള്ള വിവേകം 'ക്യാമറ ജീവിതങ്ങൾ' കാണിക്കണം.

പൊതു സ്ഥലങ്ങളിൽ റീൽസ് ചിത്രീകരിക്കുന്നതിന് വിലക്കേർപ്പെടുത്തിയ പല രാജ്യങ്ങളുമുണ്ട്. നമ്മുടെ നാട്ടിൽ തന്നെ ആരാധനാലയങ്ങളിൽ അടക്കം അത്തരം നിയന്ത്രണങ്ങൾ നിലവിലുണ്ട്. അത് പൊതു ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ജനപ്രതിനിധികളും ഭരണകൂടവും നിയമപാലകരും മുൻകൈ എടുക്കണം. കോടതികൾ പല സന്ദർഭങ്ങളിൽ ഈ വിഷയത്തിന്റെ ഗൗരവം ഉണർത്തിയിട്ടുണ്ടെങ്കിലും ശക്തമായ നിയമവും നടപടികളും അനിവാര്യമാണ്. മറ്റുള്ളവരുടെ ജീവിതം തകർത്തല്ല പണം സമ്പാദിക്കേണ്ടത്; അതിന് മാന്യമായ വഴികൾ തേടുകയെന്നതാണ് വിവേകമതികൾ ചെയ്യേണ്ടത്.

സാമൂഹ്യമാധ്യമങ്ങളിലെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നവരുടെ അക്കൗണ്ടുകൾ ഒരു സുപ്രഭാതത്തിൽ നഷ്ടമാവുന്ന സാഹചര്യങ്ങളുമുണ്ട്. ഹാക്ക് ചെയ്യപ്പെട്ടതോ സർവീസ് പ്രൊവൈഡേഴ്സ് തന്നെ നീക്കം ചെയ്യുന്നതോ ഒക്കെയാവാം. ഒരു സുപ്രഭാതത്തിൽ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം പലരുടെയും ജീവിതം പ്രാർതിസന്ധിയിലുമാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ പഠനവും ജോലിയും ഉപേക്ഷിച്ച് ഇത്തരം പരീക്ഷണങ്ങൾക്ക് മുതിരുന്നവർ വലിയ ദുരന്തങ്ങളെയാണ് വിളിച്ചു വരുത്തുന്നത്. പണമുണ്ടാക്കാൻ മാന്യമായ ധാരാളം വഴികളുണ്ടെന്നിരിക്കെ ഇത്തരം വഴികളിലേക്ക് എത്തിപ്പെടുന്നവർ പുനർവിചിന്തനം നടത്തണം എന്ന് ഓർമപ്പെടുത്തുന്നു. ■

# സൂറത്തുന്നംല്

## ഉറുമ്പ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089

وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنفُسُهُمْ ظُلْمًا وَعُلُوًّا ۚ فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُفْسِدِينَ ﴿١٤﴾

**14** അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അക്രമവും അഹങ്കാരവും മൂലം അവരതിനെ നിഷേധിച്ചുകളഞ്ഞു. അപ്പോൾ ആ കുഴപ്പക്കാരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുക.

*14) (അവരതിനെ നിഷേധിച്ചു) അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരായി അതിൽ അവിശ്വസിച്ചു. (അവരുടെ മനസ്സുകൾക്ക് ദൃഢബോധ്യം വന്നിട്ടും) അവരുടെ നിഷേധം സംശയത്തിന്റെയോ അനിശ്ചിതത്വത്തിന്റെയോ അടിസ്ഥാനത്തിലായിരുന്നില്ല, മറിച്ച് അവർ സത്യമാണെന്ന് അറിഞ്ഞിട്ടും നിഷേധിച്ചു. (അക്രമവും) സത്യത്തോടും അവരോട് തന്നെയുമുള്ള അക്രമം നിമിത്തം. (അഹങ്കാരവും) സത്യത്തോടും ആളുകളോടും പ്രവാചകന്മാർക്കും കീഴ്പ്പെടാത്ത വിധം അഹങ്കാരികളായിരുന്നു. (അപ്പോൾ ആ കുഴപ്പക്കാരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക) ഏറ്റവും മോശമായ പര്യവസാനം. അല്ലാഹു അവരെ തകർത്തുകളഞ്ഞു. കടലിൽ മുക്കി അവരെ അപമാനിതരാക്കുകയും ചെയ്തു. തന്റെ ദാസന്മാരിലെ ദുർബലരും അടിച്ചമർത്തപ്പെട്ടവരുമായവർക്ക് അവരുടെ വാസസ്ഥലങ്ങൾ അവകാശപ്പെടുത്തി കൊടുക്കുകയും ചെയ്തു.*

وَلَقَدْ آتَيْنَا دَاوُودَ وَسُلَيْمَانَ عِلْمًا ۖ وَقَالَا الْحَمْدُ لِلَّهِ الَّذِي فَضَّلَنَا عَلَىٰ كَثِيرٍ مِّنْ عِبَادِهِ الْمُؤْمِنِينَ ﴿١٥﴾

**15** ദാവൂദിനും സുലൈമാനും നാം വിജ്ഞാനം നൽകുകയുണ്ടായി. തന്റെ വിശ്വാസികളായ ദാസൻമാരിൽ മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിന് സ്തുതി എന്ന് അവർ ഇരുവരും പറയുകയും ചെയ്തു.

*15) ഈ ക്വുർആനിൽ അല്ലാഹു ദാവൂദിനോടും അദ്ദേഹത്തിന്റെ മകൻ സുലൈമാനോടും കാണിച്ച അനുഗ്രഹങ്ങൾ പരാമർശിക്കുന്നു. അവൻ അവർക്ക് സമൃദ്ധമായ അറിവ് നൽകി അനുഗ്രഹിച്ചു. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:*

وَدَاوُودَ وَسُلَيْمَانَ إِذْ يَحْكُمَانِ فِي الْحَرْثِ إِذْ نَفَشَتْ فِيهِ غَنَمُ الْقَوْمِ وَكُنَّا لِحُكْمِهِمْ شَاهِدِينَ ﴿٧٨﴾ فَفَهَّمْنَاهَا سُلَيْمَانَ ۚ وَكُلًّا آتَيْنَا حُكْمًا وَعِلْمًا ۚ وَسَخَّرْنَا مَعَ دَاوُودَ الْجِبَالَ يُسَبِّحْنَ وَالطَّيْرَ ۚ وَكُنَّا فَاعِلِينَ ﴿٧٩﴾

*"ദാവൂദിനെയും സുലൈമാനെയും (ഓർക്കുക) ഒരു ജനവിഭാഗത്തിന്റെ ആടുകൾ വിളയിൽ കടന്ന് മേഞ്ഞ പ്രശ്നത്തിൽ അവർ രണ്ടുപേരും വിധി കൽപിക്കുന്ന സന്ദർഭം. അവരുടെ വിധിക്ക് നാം സാക്ഷ്യം വഹിക്കുന്നുണ്ടായിരുന്നു. അപ്പോൾ സുലൈമാന് നാം അത് (പ്രശ്നം) ഗ്രഹിപ്പിച്ചു. അവർ ഇരുവർക്കും നാം വിധികർതൃത്വവും വിജ്ഞാനവും നൽകിയിരുന്നു. ദാവൂദിനോടൊപ്പം കീർത്തനം ചെയ്തുകൊണ്ടിരിക്കുന്ന നിലയിൽ പർവതങ്ങളെയും പക്ഷികളെയും നാം കീഴ്പെടുത്തിക്കൊടുത്തു. നാമായിരുന്നു (അതെല്ലാം) നടപ്പാക്കിക്കൊണ്ടിരുന്നത്" (21:78-79).*

*തങ്ങൾക്ക് ലഭിച്ച മഹത്തായ അനുഗ്രഹങ്ങൾക്കും അവൻ നൽകിയ അറിവിനും നന്ദി പ്രകടിപ്പിച്ച് ഇരുവരും പറഞ്ഞു: (തന്റെ വിശ്വാസികളായ ദാസന്മാരിൽ മിക്കവരെക്കാളും ഞങ്ങൾക്ക് ശ്രേഷ്ഠത നൽകിയ അല്ലാഹുവിനു സ്തുതി) ഞങ്ങളെ വിശ്വാസികളും അനുഗൃഹീതരും ആക്കിയതിന് അവർ ഇരുവരും അല്ലാഹുവിനെ സ്തുതിച്ചു. കാരണം അവർ വിശ്വാസികളിൽ പ്രത്യേക അനുഗ്രഹം ലഭിച്ചവരായിരുന്നു. തീർച്ചയായും വിശ്വാസികൾ നാലു തരക്കാരാണ്; സദ്‌വൃത്തർ, അവർക്ക് മുകളിൽ രക്തസാക്ഷികൾ, പിന്നെ സ്വിദ്ദീക്വുകൾ, അവർക്കു മുകളിൽ പ്രവാചകന്മാർ.*

*ദാവൂദും സുലൈമാനും ദൂതന്മാരിൽ പെട്ടവരായിരുന്നു. ശക്തരായ, നിശ്ചയദാർഢ്യമുള്ള (ഉലുൽഅസ്മ്) അഞ്ച് ദൂതന്മാരിൽ ഉൾപ്പെട്ടില്ലെങ്കിലും അവർ ശ്രേഷ്ഠരായ പ്രവാചകന്മാരുടെ കൂട്ടത്തിൽ തന്നെയാണ്. അവരെ അല്ലാഹു തന്റെ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. അങ്ങേയറ്റം പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാനം എത്തിയതിൽ അവർ രണ്ടുപേരും അല്ലാഹുവിനെ വളരെയധികം സ്തുതിച്ചു. ഒരു വ്യക്തി അനുഗ്രഹിക്കപ്പെട്ടതിന്റെ അടയാളമാണ് അവൻ തനിക്ക് ലഭിച്ച ഭൗതികവും മതപരവുമായ അനുഗ്രഹങ്ങൾക്ക് സ്തുതിക്കുക എന്നത്. തനിക്ക് ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും തന്റെ റബ്ബിൽനിന്നാണെന്ന് അവൻ മനസ്സിലാക്കുന്നു. അതിനാൽ അവൻ അതിൽ അഹങ്കരിക്കുകയോ പൊങ്ങച്ചം കാണിക്കുകയോ ചെയ്യുന്നില്ല. മറിച്ച് അത് ധാരാളം നന്ദി ചെയ്യേണ്ട കാര്യമായി അവൻ മനസ്സിലാക്കുന്നു.*

16

وَوَرِثَ سُلَيْمَانُ دَاوُودَ ۖ وَقَالَ يَا أَيُّهَا النَّاسُ عُلِّمْنَا مَنطِقَ الطَّيْرِ وَأُوتِينَا مِن كُلِّ شَيْءٍ ۖ إِنَّ هَٰذَا لَهُوَ الْفَضْلُ الْمُبِينُ ﴿١٦﴾

സുലൈമാൻ ദാവൂദിന്റെ അനന്തരാവകാശിയായി. അദ്ദേഹം പറഞ്ഞു: ജനങ്ങളേ, പക്ഷികളുടെ ഭാഷ നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. എല്ലാ കാര്യങ്ങളിൽനിന്നും നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഇത് തന്നെയാകുന്നു പ്രത്യക്ഷമായ അനുഗ്രഹം.

*16) രണ്ടുപേരെയും ഒന്നിച്ച് പ്രശംസിച്ച ശേഷം സുലൈമാൻ നബി(അ)ക്ക് പ്രത്യേകം നൽകിയ അനുഗ്രഹങ്ങളെ പരാമർശിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് വലിയ ശക്തിയും ആധിപത്യവും നൽകി. തന്റെ പിതാവിന് ലഭിക്കാത്ത (പലത് കൊണ്ടും) അദ്ദേഹം അനുഗ്രഹിക്കപ്പെട്ടു. അല്ലാഹു പറയുന്നു: (സുലൈമാൻ ദാവൂദിന്റെ അനന്തരാവകാശിയായി). അദ്ദേഹത്തിന്റെ അറിവും പ്രവാചകത്വവും അനന്തരമെടുത്ത് തന്റെ അറിവിലേക്ക് പിതാവിന്റെ അറിവ് കൂടി ചേർത്തു. അക്കാലത്ത് തനിക്കുണ്ടായിരുന്ന അറിവിന് പുറമെ പിതാവിന്റെ അറിവ് കൂടി ചേർത്തു. അതാണ് നേരത്തെ പറഞ്ഞത്: "സുലൈമാന് നാം അത് ഗ്രഹിപ്പിച്ചു..."(21:79).*

*അല്ലാഹുവിന് നന്ദിയായും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ എടുത്തുപറഞ്ഞു കൊണ്ടും (അദ്ദേഹം പറഞ്ഞു): (ജനങ്ങളേ, പക്ഷികളുടെ ഭാഷ നമുക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു) പക്ഷികൾ പറയുന്നത് എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം മരക്കൊത്തിയോട് സംസാരിക്കുകയും അത് പ്രതികരിക്കുകയും ചെയ്തു. ഉറുമ്പ് അതിന്റെ കൂടെയുള്ള ഉറുമ്പിനോട് പറഞ്ഞത് തുടർന്ന് പരാമർശിക്കുന്നുണ്ട്. ഇത് സുലൈമാന് ഒഴികെ മറ്റാർക്കും നൽകപ്പെട്ടിട്ടില്ല. (എല്ലാ കാര്യങ്ങളിൽനിന്നും നമുക്ക് നൽകപ്പെടുകയും ചെയ്തിരിക്കുന്നു) അതായത് മറ്റൊരു മനുഷ്യനും നൽകാത്ത നിരവധി അനുഗ്രഹങ്ങളും ശക്തിയും അധികാരവും സുലൈമാൻ നബിക്ക് നൽകിയിട്ടുണ്ട്. അതിനാൽ അദ്ദേഹം തന്റെ രക്ഷിതാവിനോട് പറഞ്ഞു: "എന്റെ നാഥാ, എനിക്ക് ശേഷം ആർക്കും നൽകപ്പെടാത്തത് എനിക്ക് നൽകേണമേ" (38:35). അപ്പോൾ അല്ലാഹു പിശാചുക്കളെ അദ്ദേഹത്തിന് കീഴ്പെടുത്തി. മറ്റുള്ളവർക്ക് ചെയ്യാൻ കഴിയാത്ത പ്രവൃത്തികളിൽനിന്നും അദ്ദേഹം ആഗ്രഹിച്ചതെല്ലാം ചെയ്തുകൊണ്ടിരുന്നു. കാറ്റിനെയും അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്തു. അതിന്റെ പ്രഭാത സഞ്ചാരം ഒരു മാസത്തെ ദൂരവും അതിന്റെ സായാഹ്ന സഞ്ചാരം ഒരു മാസത്തെ ദൂരവും ആകുന്നു (34:12). (തീർച്ചയായും ഇത്) അല്ലാഹു നമുക്ക് പ്രത്യേകമായും അനുഗ്രഹമായും നൽകിയത് (പ്രത്യക്ഷമായ അനുഗ്രഹമാകുന്നു) അതായത് വ്യക്തമായ അനുഗ്രഹം. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അദ്ദേഹം പൂർണമായി അംഗീകരിച്ചു.*



02

# ഇസ്‌ലാമും ക്രൈസ്തവതയും

മുസ്ത്വഫ ലുത്വുഫി അൽമൻഫലൂത്വി
പരിഭാഷ:
ഇ.യൂസുഫ് സാഹിബ് നദ്‌വി, ഓച്ചിറ

ഇന്ന് യൂറോപ്പിലെ ചില സാധാരണക്കാരുടെ കുടിലുകളിൽ ക്രൈസ്തവതയുടെ എന്തെങ്കിലും അടയാളങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ, അത് നാഗരികത അവരോട് കാണിച്ച ദയ മാത്രമാണ്. അതൊരു വിശുദ്ധ മതമായി ആദരിക്കപ്പെടേണ്ടതാണ് എന്നതുകൊണ്ടല്ല, മറിച്ച് അറിവില്ലാത്തവരുടെ മനസ്സിലെ അക്രമാസക്തതയെ നിയന്ത്രിക്കാൻ സർക്കാരുകൾക്ക് ഉപയോഗിക്കാവുന്ന ഒരു മാനസിക തടസ്സമായി അതിനെ നിലനിർത്തുന്നു എന്ന് മാത്രം. അതിനാൽ പാശ്ചാത്യ നാഗരികതയും ക്രൈസ്തവതയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഏകദേശം പത്തൊമ്പത് നൂറ്റാണ്ടുകളോളം യൂറോപ്പ് മനുഷ്യബുദ്ധിക്ക് ചിന്തിക്കാൻ കഴിയാത്തവിധം അജ്ഞതയിലും ക്രൂരതയിലും മുങ്ങിക്കിടന്നപ്പോൾ ഈ ക്രൈസ്തവതയോ പുരോഹിത വർഗമോ അവർക്ക് യാതൊരു ഉപകാരവും ചെയ്തില്ലല്ലോ.

എന്നാൽ ഇസ്‌ലാമിക നാഗരികതയാകട്ടെ, ഇസ്‌ലാമിനൊപ്പം ഒരേ ആകാശത്ത് ഒരേ ഉദയസ്ഥാനത്തുനിന്നും ഒരേസമയം ഉദിച്ചുയർന്നതാണ്. അത് ഇസ്‌ലാമിനോടൊപ്പം തോളോടുതോൾ ചേർന്ന് സഞ്ചരിച്ചു. അവ പരസ്പരം നിഷേധിച്ചില്ല. പള്ളിയിൽ ആരാധന നടത്തുന്നവനും, പാഠശാലയിലെ കർമ്മശാസ്ത്ര പണ്ഡിതനും,

**ബഹുദൈവാരാധനയാലും ശിലകളെ വണങ്ങുന്നതിനാലും മതമേധാവികൾക്ക് മുന്നിൽ തലകുനിക്കുന്നതിനാലും ദുഷിച്ചുപോയ മനുഷ്യന്റെ വിശ്വാസത്തെ അത് സംസ്കരിച്ചു. പങ്കുകാരില്ലാത്ത ഏകദൈവത്തിലുള്ള വിശ്വാസത്തിലേക്ക് അത് അവനെ നയിച്ചു. പ്രപഞ്ചത്തിന്റെ യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും ദൈവത്തിന്റെ കഴിവിനെയും സൃഷ്ടിവൈഭവത്തെയും തിരിച്ചറിഞ്ഞ് വിശ്വാസം വർധിപ്പിക്കാനും തന്റെ ബുദ്ധിയെയും ദർശനത്തെയും പ്രപഞ്ചത്തിലേക്ക് തിരിച്ചുവിടാനും അത് നിർദേശിച്ചു. ഇത് കേവലം അന്ധമായ അനുകരണമല്ല, മറിച്ച് ഹൃദയത്തിൽ തട്ടുന്ന ബോധ്യമായിരിക്കണം എന്ന് അത് നിഷ്കർഷിച്ചു.**

ഗ്രന്ഥശാലയിലെ പരിഭാഷകനും, വിദ്യാലയത്തിലെ ഗണിതശാസ്ത്രജ്ഞനും, ലബോറട്ടറിയിലെ രസതന്ത്രജ്ഞനും, കോടതിയിലെ ജഡ്ജിയും, വേദികളിലെ പ്രസംഗകനും, ആസ്ട്രോലേബിന് (astrolabe) മുന്നിലെ ജ്യോതിശാസ്ത്രജ്ഞനും, എഴുത്തുകാരനുമെല്ലാം പരസ്പരം സ്നേഹിക്കുന്ന സഹോദരങ്ങളായിരുന്നു. അവർ പരസ്പരം കലഹിക്കുകയോ കൊല്ലുകയോ ചെയ്തില്ല. ഒരാൾ മറ്റൊരാളെ കാഫിർ (അവിശ്വാസി) എന്ന് വിളിച്ചില്ല. ആരും ആരെയും അടിച്ചമർത്തിയതുമില്ല.

ഹേ, ചരിത്ര തത്ത്വചിന്തകാ! ഫലത്തെ നോക്കിയാണ് കാരണത്തെ വിലയിരുത്തേണ്ടതെങ്കിൽ, ഇന്നത്തെ പാശ്ചാത്യ നാഗരികത എന്നത് ഇന്നലത്തെ ഇസ്‌ലാമിന്റെ ഫലമാണ്. ഇന്നത്തെ മുസ്‌ലിംകളുടെ അധഃപതനമാകട്ടെ ക്രൈസ്തവത ആദ്യമേൽപിച്ച ആഘാതങ്ങളുടെ ഫലവുമാണ്. അതിന്റെ വിശദീകരണം താഴെ നൽകുന്നു:

മനുഷ്യവംശത്തിന് അവരുടെ ഐഹികവും പാരത്രികവുമായ ജീവിതത്തിന്, വ്യക്തിപരമായോ സാമൂഹികമായോ ആവശ്യമായ സകല കാര്യങ്ങളും ഇസ്‌ലാം നൽകി. ബഹുദൈവാരാധനയാലും ശിലകളെ വണങ്ങുന്നതിനാലും മതമേധാവികൾക്ക് മുന്നിൽ തലകുനിക്കുന്നതിനാലും ദുഷിച്ചുപോയ മനുഷ്യന്റെ വിശ്വാസത്തെ അത് സംസ്കരിച്ചു. പങ്കുകാരില്ലാത്ത ഏകദൈവത്തിലുള്ള വിശ്വാസത്തിലേക്ക് അത് അവനെ നയിച്ചു. പ്രപഞ്ചത്തിന്റെ യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും ദൈവത്തിന്റെ കഴിവിനെയും സൃഷ്ടിവൈഭവത്തെയും തിരിച്ചറിഞ്ഞ് വിശ്വാസം വർധിപ്പിക്കാനും തന്റെ ബുദ്ധിയെയും ദർശനത്തെയും പ്രപഞ്ചത്തിലേക്ക് തിരിച്ചുവിടാനും അത് നിർദേശിച്ചു. ഇത് കേവലം അന്ധമായ അനുകരണമല്ല, മറിച്ച് ഹൃദയത്തിൽ തട്ടുന്ന ബോധ്യമായിരിക്കണം എന്ന് അത് നിഷ്കർഷിച്ചു.

തിന്മകളെ അകറ്റാനും ദൈവത്തെ സ്മരിക്കാനുമായി ആരാധനാകർമങ്ങൾ നിശ്ചയിച്ചു നൽകി. വാക്കിനും പ്രവൃത്തിക്കും അത് സ്വാതന്ത്ര്യം നൽകി. ദൈവത്തിൽ പങ്കുചേർക്കുന്നതിനും മറ്റുള്ളവരെ ദ്രോഹിക്കുന്നതിനും മാത്രമാണ് അത് വിലക്കേർപ്പെടുത്തിയത്. അതുവരെ തനിക്ക് അന്യമായിരുന്ന സ്വത്വം വ്യക്തിത്വത്തിന്റെ വില അത് മനുഷ്യനെ പഠിപ്പിച്ചു. മനുഷ്യത്വത്തിൽ ദരിദ്രനെന്നും ധനികനെന്നും താഴ്ന്നവനെന്നും ഉയർന്നവനെന്നും വ്യത്യാസമില്ലെന്ന് അത് പഠിപ്പിച്ചു. രാജാവും പ്രജയും, കുലീനനായ ഹാഷിമിയും കറുത്ത വർഗക്കാരനായ അടിമയും ദൈവത്തിന് മുന്നിലും സത്യത്തിന് മുന്നിലും സമന്മാരാണ്. ആജ്ഞാപിക്കുന്നതും നിരോധിക്കുന്നതും, അനുവദിക്കുന്നതും വിലക്കുന്നതും, ഉപകാരവും ഉപദ്രവവും, പ്രതിഫലവും ശിക്ഷയും, കരുണയും മാപ്പും നൽകുന്നതെല്ലാം അല്ലാഹുവിന്റെ മാത്രം അധികാരമാണ്. പ്രവാചകന്മാർക്കോ മലക്കുകൾക്കോ അതിൽ പങ്കില്ല.

മനുഷ്യന്റെ സ്വഭാവഗുണങ്ങളെ അത് നന്നാക്കിത്തീർത്തു. തിന്മകളിൽനിന്ന് അവനെ തടഞ്ഞു. ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും ഉറങ്ങാനും നടക്കാനും ഇരിക്കാനും സംസാരിക്കാനും സലാം പറയാനുമുള്ള മര്യാദകൾ പോലും അത് പഠിപ്പിച്ചു. കുടുംബജീവിതത്തിൽ മകൻ അച്ഛനോടും, അച്ഛൻ മകനോടും, സഹോദരൻ സഹോദരിയോടും എങ്ങനെ പെരുമാറണമെന്നും ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹവും കടമകളും എന്താണെന്നും അത് വിശദീകരിച്ചു.

സാമൂഹിക കാര്യങ്ങളിൽ സകാത്ത് നിർബന്ധമാക്കി. അത് കൃത്യമായി ശേഖരിച്ച് വിതരണം ചെയ്യുകയാണെങ്കിൽ ലോകത്ത് ഒരു ദരിദ്രൻ പോലും ഉണ്ടാകുമായിരുന്നില്ല. ദാനധർമങ്ങൾക്കും

> **ചെറുതും വലുതുമായ ഒരു കാര്യവും വിട്ടുകളയാതെ കൃത്യമായി ഇസ്‌ലാം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ജീവിതമാകുന്ന പോർക്കളത്തിൽ, തൊട്ടിൽ മുതൽ ചുടലവരെ മനുഷ്യന്റെ ഓരോ ചുവടിലും ആ മതം അവന് കൈത്താങ്ങാവുകയും, അവന്റെ പാതകളിൽ വെളിച്ചം പകരുകയും, നേർവഴിയിലേക്ക് അവനെ നയിക്കുകയും ചെയ്തിട്ടുണ്ട്.**

അശരണരെ സഹായിക്കാനും അത് പ്രോത്സാഹിപ്പിച്ചു. ക്രയവിക്രയങ്ങൾ, കച്ചവടം, പാട്ടം, വസ്തു കൈമാറ്റം, ദാനം, വസിയ്യത്ത്, അനന്തരാവകാശം തുടങ്ങിയ ഐഹിക ഇടപാടുകൾക്കായി നിയമങ്ങൾ നിർമിച്ചു. ഇതിലൂടെ ഓരോരുത്തർക്കും അവരവരുടെ അവകാശങ്ങൾ ലഭിക്കാനും ആരും വഞ്ചിക്കപ്പെടാതിരിക്കാനും അത് വഴിയൊരുക്കി. കുറ്റകൃത്യങ്ങൾ തടയാൻ കർക്കശമായ ശിക്ഷാവിധികൾ നടപ്പിലാക്കി. രാഷ്ട്രീയ കാര്യങ്ങളിൽ ഖിലാഫത്ത്, നീതിന്യായ വ്യവസ്ഥ, ഭരണാധികാരത്തിന്റെ പരിധികൾ എന്നിവ നിശ്ചയിച്ചു. ഇതര മതസ്ഥരോടുള്ള പെരുമാറ്റം, യുദ്ധം, സമാധാനം എന്നിവയുടെ നിയമങ്ങളും അത് വ്യക്തമാക്കി.

ചുരുക്കത്തിൽ, ചെറുതും വലുതുമായ ഒരു കാര്യവും വിട്ടുകളയാതെ കൃത്യമായി ഇസ്‌ലാം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ജീവിതമാകുന്ന പോർക്കളത്തിൽ, തൊട്ടിൽ മുതൽ ചുടലവരെ മനുഷ്യന്റെ ഓരോ ചുവടിലും ആ മതം അവന് കൈത്താങ്ങാവുകയും, അവന്റെ പാതകളിൽ വെളിച്ചം പകരുകയും, നേർവഴിയിലേക്ക് അവനെ നയിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ഉദയസൂര്യൻ അറേബ്യൻ മണ്ണിൽ ഉദിച്ചുയർന്നപ്പോൾ പ്രപഞ്ചമാകെ പ്രകാശപൂരിതമായി. ആ പ്രകാശത്തെ അംഗീകരിക്കുന്നവരും അതിന്റെ നിലനിൽപ്പിനെ നിഷേധിക്കുന്നവരും എന്നിങ്ങനെ ജനങ്ങൾ രണ്ട് പക്ഷത്തായി. എങ്കിലും, ആ വെളിച്ചത്തിൽനിന്ന് ഗുണങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ അവരെല്ലാം ഒരുപോലെയായിരുന്നു. എന്നാൽ ആ പ്രകാശത്തിന്റെ സ്വീകാര്യതയിലും പ്രയോഗത്തിലും അവർക്കിടയിൽ വ്യത്യാസങ്ങളുണ്ടായിരുന്നു എന്ന് മാത്രം.

ഈ ഉദയസൂര്യൻ ഉദിച്ചുയരുകയും അതിന്റെ വെള്ളിരശ്മികൾ സ്പെയിൻ, ദക്ഷിണ ഇറ്റലി, ഫ്രാൻസ് എന്നിവ വഴി യൂറോപ്പിലേക്ക് പടരുകയും ചെയ്തു. ബുദ്ധിമാന്മാരായ ഏതാനും ചില പാശ്ചാത്യർ ആ വെളിച്ചം കാണുകയും തങ്ങളുടെ ദീർഘനിദ്രയിൽനിന്ന് ഉണരുകയും ചെയ്തു. ഇസ്‌ലാമിക ദർശനങ്ങളുടെ സൗന്ദര്യവും, പ്രപഞ്ച നിയമങ്ങളും, സാമൂഹിക ക്രമങ്ങളും, സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും തത്ത്വങ്ങളും കണ്ടപ്പോൾ, തളർന്നു കിടക്കുന്ന പാശ്ചാത്യ സമൂഹവും ഉണർന്നു പ്രവർത്തിക്കുന്ന പൗരസ്ത്യ സമൂഹവും തമ്മിലുള്ള താരതമ്യം അവരെ ഇരുത്തിച്ചിന്തിപ്പിച്ചു. അവർ സ്വയം ചോദിച്ചു: 'ഒരു രാജാവിനും അടിമപ്പെടാതെ, ഒരു പുരോഹിതനും കീഴ്പ്പെടാതെ ഈ ഭൂമിയിൽ മനുഷ്യന് സ്വതന്ത്രനായി ജീവിക്കാൻ കഴിയുമോ? പീഡനയന്ത്രങ്ങളെയോ ആരാച്ചാരുടെ വാളിനെയോ ഭയക്കാതെ, ഒരു രാത്രിയെങ്കിലും സമാധാനമായി ഉറങ്ങാൻ മനുഷ്യന് സാധിക്കുമോ? പ്രപഞ്ച വ്യവസ്ഥയെക്കുറിച്ച് ചിന്തിക്കാനും ശാസ്ത്ര പഠനങ്ങളിൽ ഏർപ്പെടാനും മനുഷ്യന്റെ ആത്മാവിന് സ്വാതന്ത്ര്യം ലഭിക്കുമോ? ഇസ്‌ലാമിക നാഗരികതയുടെ ഈ ഉദയം ഈ പാശ്ചാത്യ സമൂഹത്തിന് മേൽ പതിക്കുമോ? ദീർഘകാലത്തെ അന്ധകാരം കാരണം കാഴ്ച മങ്ങിപ്പോയ, പരസ്പരം കാണാൻ കഴിയാത്ത ഈ ഇരുട്ടിനെ അത് മായ്ച്ചുകളയുമോ?'

ആ ബുദ്ധിമാന്മാരുടെ മനസ്സിൽ ഉദിച്ച ഈ ചിന്തകളാണ് യൂറോപ്പ് നാഗരികതയുടെ പാതയിൽ വെച്ച ആദ്യ ചുവടുകൾ. യൂറോപ്പിലെ മുസ്‌ലിംകളുമായുള്ള സമ്പർക്കത്തിലൂടെയും അവരുടെ ഗ്രന്ഥങ്ങൾ വായിച്ചും അവ

രുടെ നാഗരികതയെ അടുത്തറിഞ്ഞും മനസ്സിലാക്കിയ ഇസ്‌ലാമിക നിയമങ്ങളുടെ ഗുണഫലമായിരുന്നു അത്. പിന്നീട് അവർ ഈ ആശയങ്ങൾ രഹസ്യമായി ജനങ്ങളെ പഠിപ്പിക്കുകയും തങ്ങളുടെ ശിഷ്യന്മാരിലേക്ക് പകരുകയും ചെയ്തു. ഇതിനായി അവർക്ക് വലിയ പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നു. അറിവും അജ്ഞതയും തമ്മിലുള്ള ഈ പോരാട്ടം നൂറ്റാണ്ടുകളോളം തുടർന്നു; ഒടുവിൽ ഫ്രഞ്ച് വിപ്ലവത്തിലൂടെയാണ് പഴയകാലത്തെ ആ കാടത്തത്തിനും ക്രൂരതയ്ക്കും അന്ത്യം കുറിച്ചത്.

ഹേ, ചരിത്ര തത്ത്വചിന്തകാ! താങ്കൾക്ക് ഇക്കാര്യങ്ങൾ തീർച്ചയായും അറിയാമായിരിക്കും. കാരണം ഒരു ചരിത്രകാരൻ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട പ്രാഥമിക കാര്യങ്ങളാണിവ. ഇസ്‌ലാമിക നാഗരികതയ്ക്ക് മറ്റുള്ളവരെ ഉൾക്കൊള്ളാൻ കഴിയുമെങ്കിൽ, അതിന് സ്വന്തം അനുയായികളെ ഉൾക്കൊള്ളാൻ കഴിയില്ലേ? പക്ഷേ, താങ്കളുടെ മതഭ്രാന്ത് അത്രമേൽ വർധിച്ചിരിക്കുന്നു. താങ്കളോട് ഉപകാരം ചെയ്തവന്റെ നന്ദി നിഷേധിച്ചത് പോരാഞ്ഞിട്ട്, അവന് അവനോടുതന്നെയുള്ള സദ്ഗുണങ്ങളെപ്പോലും താങ്കൾ നിഷേധിക്കുകയാണോ?

ഇസ്‌ലാമിക നാഗരികതയെക്കുറിച്ച് താങ്കൾക്ക് വിവരിച്ചുതരേണ്ട കാര്യമില്ല. ഭൗതികശാസ്ത്രം, രസതന്ത്രം, ജ്യോതിശാസ്ത്രം, സസ്യശാസ്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, തത്ത്വചിന്ത, നൈതികത, സാമൂഹികശാസ്ത്രം എന്നിവയിൽ മുസ്‌ലിം പണ്ഡിതന്മാരും ദാർശനികരും രചിച്ച ഗ്രന്ഥങ്ങളോ അവരുടെ പേരുകളോ ഞാൻ എണ്ണിപ്പറയേണ്ടതില്ല. കിഴക്കും പടിഞ്ഞാറുമുള്ള വിദ്യാലയങ്ങളെയും നക്ഷത്രബംഗ്ലാവുകളെയും (Observatories)കുറിച്ചോ, ആഡംബരപൂർണമായ നഗരങ്ങളെയും അന്നത്തെ സമൃദ്ധിയെയും പ്രതാപത്തെയും കുറിച്ചോ താങ്കളോട് പറയേണ്ടതില്ല. താങ്കൾ അവകാശപ്പെടുന്നതുപോലെ ഒരു ചരിത്രകാരനാണെങ്കിൽ ഇതെല്ലാം താങ്കൾക്ക് അറിയാവുന്നതാണ്.

എങ്കിലും, കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി മുസ്‌ലിംകൾക്ക് സംഭവിച്ച ദൗർബല്യത്തെയും തളർച്ചയെയും അവരുടെ ഐക്യം തകർന്നതിനെയും ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ, താങ്കൾ തെറ്റിദ്ധരിച്ചതുപോലെ അതിന് കാരണം ഇസ്‌ലാമല്ല. മറിച്ച്, മുസ്‌ലിം വേഷധാരികളായ ചിലർ വഴി ക്രിസ്തീയതയിൽനിന്നുള്ള ചില പ്രവണതകൾ അവരിലേക്ക് പടർന്നതാണ് അതിന് കാരണം. അവർ ഇസ്‌ലാമിന്റെ വേഷം ധരിച്ച് മുസ്‌ലിം നാടുകളിൽ പ്രവേശിക്കുകയും അവിടുത്തെ ദുർബലരായ രാജാക്കന്മാരെയും വിവരമില്ലാത്ത അമീറുമാരെയും സ്വാധീനിക്കുകയും ചെയ്തു. തങ്ങളുടെ തെറ്റായ ആശയങ്ങളും അന്ധവിശ്വാസങ്ങളും മുസ്‌ലിംകൾക്കിടയിൽ പ്രചരിപ്പിക്കാൻ അവർ ആ അധികാരം ഉപയോഗിച്ചു. അങ്ങനെ അവർ വിശ്വാസങ്ങളെ മലിനമാക്കുകയും അവർക്കിടയിൽ ഭിന്നതയുണ്ടാക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ യഥാർഥ കരുത്തിൽനിന്നും ചൈതന്യത്തിൽനിന്നും അവർ മുസ്‌ലിംകളെ അകറ്റിക്കളഞ്ഞു. അതിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന അവസ്ഥ.

വിധിവിശ്വാസത്തിലും (ക്വദ്ർ), തവക്കുലിലും (ദൈവത്തിലുള്ള ഭരമേല്പിക്കൽ) മുസ്‌ലിംകൾക്കിടയിൽ ഇന്ന് കാണുന്ന ആശയക്കുഴപ്പങ്ങൾ, ക്വബ്റുകൾ കെട്ടിപ്പൊക്കുന്നതും അവ അലങ്കരിക്കുന്നതും അവിടെ പോയി മുഖംകുത്തി വീഴുന്നതും, ആരാധനകളുടെ അന്തഃസത്തയെ വിസ്മരിച്ച് കേവല രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നതും, മത നേതാക്കൾക്ക് ലാഭനഷ്ടങ്ങൾ വരുത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നതുമെല്ലാം പൗരാണിക ക്രൈസ്തവതയുടെ സ്വാധീനമാണ്, അല്ലാതെ ഇസ്‌ലാമിന്റെതല്ല.

ഹേ, ചരിത്ര തത്ത്വചിന്തകാ! ഞങ്ങളെ മതഭ്രാന്തന്മാർ എന്ന് വിളിക്കരുത്. താങ്കൾ ഞങ്ങളെയും ഞങ്ങളുടെ മതത്തെയും അധിക്ഷേപിച്ചപ്പോൾ, സത്യം വിളിച്ചുപറഞ്ഞുകൊണ്ട് അതിനെ പ്രതിരോധിക്കുകയല്ലാതെ ഞങ്ങൾക്ക് മറ്റു വഴികളില്ലായിരുന്നു. ഇതിൽ ഞങ്ങൾക്ക് യാതൊരു ലജ്ജയുമില്ല. ശത്രുക്കളിൽനിന്ന് തങ്ങളെത്തന്നെ സംരക്ഷിക്കാനും, തങ്ങളുടെ സമൂഹത്തെ കാത്തുസൂക്ഷിക്കാനും, മതം അല്ലാഹുവിന്റേത് മാത്രമാകുന്നത് വരെ അതിന്റെ പ്രതാപം ഉയർത്താനും മുസ്‌ലിംകൾ കൈകോർക്കുന്നതിനെയാണോ നിങ്ങൾ മതഭ്രാന്ത് എന്ന് വിളിക്കുന്നത്?

'ആലു മുഹമ്മദിനെ (പ്രവാചക കുടുംബത്തെ) സ്നേഹിക്കുന്നത്

ഒരു കുറ്റമാണെങ്കിൽ,

ഞാൻ അത്തരമൊരു കുറ്റവാളിയാണെന്ന്

ലോകം മുഴുവൻ സാക്ഷ്യം വഹിക്കട്ടെ'

(ഇമാം ശാഫിഈയുടെ വരികൾ ഉദ്ധരിച്ചുകൊണ്ട് മൻഫലൂത്വി തന്റെ ലേഖനം അവസാനിപ്പിക്കുന്നു).

**ചെയ്തുകൂട്ടുന്ന തിന്മകൾക്കെല്ലാം മനുഷ്യരിൽനിന്ന് ദുർഗന്ധം പുറപ്പെടുമായിരുന്നെങ്കിൽ എന്താകുമായിരുന്നു അവസ്ഥ! അല്ലാഹുവേ, നിന്നെക്കാൾ ഞങ്ങളെ സ്നേഹിക്കുന്ന മറ്റാരുണ്ട്. ക്ഷമിക്കുകയും പൊറുക്കുകയും മാത്രമല്ല നീ ചെയ്യുന്നത്; തിരുത്താനും നന്മകൾ വർധിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു.**

# തെറ്റുകൾക്ക് ദുർഗന്ധമുണ്ടായിരുന്നെങ്കിൽ...!

## നസീമ വാടാനപ്പള്ളി

പതിവുപോലെ അവൾ അന്നും ഉറങ്ങാൻ കിടന്നതായിരുന്നു. പക്ഷേ, ഉറക്കം വരുന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കുന്ന സമയത്ത് അവൾ ഉറക്കം എത്തിനോക്കാത്തതിന്റെ കാരണം ചികയുകയായിരുന്നു. മനസ്സിൽ എന്തോ ഉടക്കി നിൽക്കുന്നുണ്ട്, അതെന്താണെന്ന് വ്യക്തമാകുന്നില്ല.

അന്നത്തെ പകൽ സമയത്തെ ഓരോ കാര്യങ്ങൾ ഓർത്തെടുക്കവെ രാവിലെ തന്റെ സുഹൃത്തുമായി നടത്തിയ ചാറ്റിംഗിൽ തടഞ്ഞുനിന്നു. അതെ, അതാണെന്റെ ഉറക്കം കെടുത്തും വിധം ഉപബോധമനസ്സിൽ കുടിയിരിക്കുന്നത്.

റബ്ബേ... പാപിയാണെങ്കിലും എന്നെ കൈവിടരുതേ. രഹസ്യ വിചാരണയിൽ എനിക്കു നീ തണലേകണമേ...

തേങ്ങലുകൾ തന്റെ നല്ല പാതിയുടെ ഉറക്കത്തിന് ഭംഗം വരുത്താതിരിക്കാൻ അവൾ നന്നേ പണിപ്പെട്ടു. അവൾ പതിയെ എഴുന്നേറ്റു. വുദൂഅ് ചെയ്തു.

വുദൂഅ് ചെയ്യുമ്പോൾ ഒലിച്ചിറങ്ങുന്ന വെള്ളത്തിനൊപ്പം ആ അവയവങ്ങൾ ചെയ്ത ചെറുപാപങ്ങളും നീങ്ങിപ്പോകുമെന്ന പ്രവാചകവചനം അവളുടെ മനസ്സിന് തെല്ലൊന്നുമല്ല സമാധാനം നൽകിയത്. അംഗസ്നാനത്തിനു ശേഷം പശ്ചാത്താപം സ്വീകരിക്കാനും വിശുദ്ധി പാലിക്കുന്നവരിൽ ഉൾപെടുത്താനുമുള്ള പ്രാർഥന നിർവഹിച്ചപ്പോൾ വല്ലാത്തൊരു ആശ്വാസം.

'അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ കൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമാകുന്നത്' എന്ന നാഥന്റെ വചനം മനുഷ്യർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

അവൾ വീണ്ടും തന്റെ ചിന്തകൾ തടഞ്ഞുനിന്ന ആ ചാറ്റിംഗിലേക്ക് മടങ്ങിയെത്തി. പകൽ എപ്പോഴോ ഒഴിവ് കിട്ടിയപ്പോൾ തന്റെ ആദർശ ബന്ധുക്കളിൽ ഒരാൾക്ക് വാട്സാപ്പ് സന്ദേശത്തിന് മറുപടി കൊടുത്തതാണ്. ഓൺലൈനിൽ കിട്ടിയപ്പോൾ ഇത്തിരി നർമബോധത്തോടെ അവളോടൊപ്പം കൂടി. അങ്ങേപ്പുറത്ത് തന്റെ ചങ്ങാതിയാണെന്ന തിരിച്ചറിവിൽ വെറുതെ ചോദിച്ചു:

'അല്ല ചങ്ങാതീ... നേരമുണ്ടോ ഒരു കുഞ്ഞു കഥ വായിക്കാൻ, അയച്ചുതന്നോട്ടെ?'

ചെറിയ ഒരു നീരസത്തോടെ മറുപടി പെട്ടെന്നുതന്നെ വന്നു: 'നിങ്ങളുടെ സാങ്കൽപിക കഥകൾ വായിക്കുന്നതിനെക്കാൾ എനിക്കിഷ്ടം തഫ്സീറും ചരിത്രഗ്രന്ഥങ്ങളും വായിക്കലാണ്.'

അത് കേട്ടപ്പോൾ എന്തോ നെഞ്ചകത്തിൽ ഒരു മിന്നൽ. ജീവിതത്തിൽ പലപ്പോഴും കള്ളം പറഞ്ഞു പോയിട്ടുണ്ടെങ്കിലും എഴുത്തിൽ നേരുണ്ടെന്ന് പറയാൻ ആഗ്രഹിച്ചെങ്കിലും എന്തോ, വാക്കുകൾ വന്നില്ല. ചിന്തകൾ വല്ലാതെ ചൂടുപിടിക്കുമ്പോൾ അവൾ തന്റെ

തൂലികയിൽ അതു പകർത്തി തണുപ്പിക്കാറുണ്ടായിരുന്നു. അതിൽ ചിലത് ചർച്ചകൾക്ക് വഴിയൊരുക്കിയിട്ടുമുണ്ട്. ഒരവസരത്തിൽ ചർച്ചക്കിടെ തൻെറ ഒരു സഹപ്രവർത്തകൻ ഗുണകാംക്ഷയോടെ പറഞ്ഞ ഓർമപ്പെടുത്തലും ഇതിനെക്കാൾ വലിയ തീപ്പൊരി സൃഷ്ടിച്ചതും ഇന്നും കെടാതെ നീറിക്കൊണ്ടിരിക്കുന്നതും അവൾ ഓർത്തു.

'വാക്കുകളിൽ ഏറ്റവും മികച്ചത് അല്ലാഹുവിൻെറതാണ്.' ചിന്തകളെ തൂലിക പണിതൊരുക്കുമ്പോൾ ഒരു താക്കീതായി ആ ഉപദേശം ഇന്നും ഉപകാരപ്പെടാറുണ്ട്. അതെന്നും ഉണ്ടായിരിക്കട്ടെ.

പ്രാർഥന നിറഞ്ഞ മനസ്സോടെ തന്നെ അവൾ വീണ്ടും രാവിലത്തെ ചാറ്റിംഗിലേക്ക് തിരിച്ചു പോയി. 'സാങ്കൽപിക'ത്തിന് മറുപടി കൊടുക്കണമല്ലോ. അവൾ പറഞ്ഞു: 'സാങ്കൽപിക കഥ നന്മക്ക് വഴിയൊരുക്കുമെങ്കിൽ അതിൽ തെറ്റെന്താണ്? ജീവിച്ചിരിക്കുന്നതോ മരിച്ചതോ ആയ വ്യക്തികളെക്കുറിച്ച് ഇല്ലാത്തതു പറയുംപോലെയല്ലല്ലോ നന്മയിലേക്ക് ക്ഷണിക്കാൻ കഥയോ കവിതയോ എഴുതുന്നത്. നബി (സ്വ)ക്കെതിരിൽ കവിത പാടിയവർക്ക് അതേ നാണയത്തിൽ മറുപടി കൊടുത്ത ഹസ്സാനുബ്നു സാബിതിനെ അവിടുന്ന് പ്രശംസിച്ചത് നീ ഓർക്കുന്നില്ലേ? ഇസ്‌ലാമിനെ ശത്രുവായി കാണുന്നവർ എല്ലാ അർഥത്തിലും സകല മാധ്യമങ്ങളെയും ഉപയോഗിക്കുമ്പോൾ വിശ്വാസികളെന്ന നിലയ്ക്ക് സത്യം ബോധ്യപ്പെടുത്താൻ ഹറാമല്ലാത്ത വഴികളിലൂടെ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തേണ്ടതല്ലേ? എഴുത്തിൽ ഞാൻ കള്ളം എഴുതിപ്പിടിപ്പിക്കാറുമില്ല.' ഇത് സെൻഡ് ചെയ്ത് അവൾ വീണ്ടും ടൈപ്പ് ചെയ്തു കൊണ്ടേയിരിക്കവെ അപ്പുറത്ത് നിന്ന് മറുപടി വന്നു:

'മതി, മതി ട്ടോ, ഞാനെൻെറ പ്രസ്താവന പിൻവലിച്ചിരുക്കുന്നു. ഞാൻ പകുതി കാര്യമായും പകുതി തമാശയും പറഞ്ഞതാണെടോ. കാര്യമാക്കേണ്ടതില്ല. പിന്നെ, ഞാൻ അവസാനം വായിച്ചുവെച്ച പേജിലെ ഒരു വാചകം നിനക്കൊന്ന് അയച്ചുതരട്ടെ?'

'അതിനെന്താ ആയിക്കോട്ടെ.'

'പാപങ്ങൾക്കെല്ലാം ഒരു ഗന്ധം റബ്ബ് ഏർപ്പെടുത്തിയിരുന്നെങ്കിൽ എന്നരികിൽ ആരും ഇരിക്കുമായിരുന്നില്ല.'

'ഇത്...?'

'പ്രഗത്ഭ താബിഈ പണ്ഡിതനായ മുഹമ്മദ് ഇബ്നു വാസിഅ് (റഹി)യുടെ വാക്കുകളാണ്, ഞാൻ ഇപ്പൊ വായിച്ചു വെച്ചതാണ്.'

'ചിന്തനീയം, റബ്ബ് കാക്കട്ടെ.'

'ഇനി ബാക്കി നീ ചിന്തിക്ക് ട്ടൊ. ഞാൻ പോട്ടെ. എനിക്കു പണികളുണ്ട്.'

'എൻെറ വാക്ക് നിന്നെ പ്രയാസപ്പെടുത്തിയെങ്കിൽ ക്ഷമിക്കണ'മെന്ന അപേക്ഷയോടെ സലാം ചൊല്ലി ആ ചങ്ങാതി ഓൺലൈനിൽനിന്നും പോയി.

അവൾ പിന്നെ 'പാപങ്ങൾക്ക് ദുർഗന്ധമുണ്ടാകുമായിരുന്നെങ്കിൽ' എന്ന വാക്കിനെക്കുറിച്ചുള്ള ചിന്തയിലായിപ്പോയി. സ്വന്തത്തിലേക്ക് ഒതുങ്ങിക്കൂടിയപ്പോഴാണ് ഉറക്കം നഷ്ടപ്പെട്ടതെന്ന് അവൾ തിരിച്ചറിഞ്ഞു. അവൾ മുസ്വല്ല വിരിച്ചു നമസ്കരിക്കാൻ നിന്നു. തക്ബീർ ചൊല്ലുമ്പോൾ ചുണ്ടുകൾ വിറച്ചിരുന്നു. ശബ്ദം ഇടറിയിരുന്നു.

അല്ലാഹുവേ, നീയെൻെറ രക്ഷിതാവും ഞാൻ നിൻെറ ദാസിയുമാണെന്നതിൽ ഞാനേറെ അഭിമാനിക്കുന്നു. സമാധാനിക്കുന്നു.

നമസ്കാരം കഴിഞ്ഞതും അവൾ ഇരു കരങ്ങളും അല്ലാഹുവിലേക്ക് നീട്ടി: 'റബ്ബേ, നിൻെറയും നിന്നെ സ്നേഹിക്കുന്നവരുടെയും ഇഷ്ടവും നിൻെറ സ്നേഹത്തിലേക്ക് അടുപ്പിക്കുന്ന കർമങ്ങളോടുള്ള സ്നേഹവും നിന്നോട് ഞാൻ ചോദിക്കുന്നു.'

ചെയ്തുകൂട്ടുന്ന തിന്മകൾക്കെല്ലാം മനുഷ്യരിൽനിന്ന് ദുർഗന്ധം പുറപ്പെടുമായിരുന്നെങ്കിൽ എന്താകുമായിരുന്നു അവസ്ഥ! അല്ലാഹുവേ, നിന്നെക്കാൾ ഞങ്ങളെ സ്നേഹിക്കുന്ന മറ്റാരുണ്ട്. ക്ഷമിക്കുകയും പൊറുക്കുകയും മാത്രമല്ല നീ ചെയ്യുന്നത്; തിരുത്താനും നന്മകൾ വർധിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു.

ഔദാര്യങ്ങൾക്കു മേൽ ഔദാര്യം ചൊരിയുന്ന, ചെറിയ നന്മകൾക്ക് പോലും വലിയ പ്രതിഫലങ്ങൾ നൽകുന്ന കരുണാമയനേ, എൻെറ എല്ലാ തെറ്റുകളും ഞാനംഗീകരിക്കുന്നു. എല്ലാം പൊറുത്തു മാപ്പാക്കിത്തരണേ...നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ലല്ലോ. നിൻെറ കാരുണ്യത്തിൽ മാത്രമാണ് ഈയുള്ളവളുടെ പ്രതീക്ഷകൾ മുഴുവനും. കൈവെടിയരുതേ...

മൊബൈലിൽ തഹജ്ജുദിനായി സെറ്റ് ചെയ്ത അലാറം മുഴങ്ങിയപ്പോൾ ഹംദും സ്വലാത്തും ചൊല്ലി അവൾ ഉയർത്തിയ കൈകൾ പതിയെ താഴ്ത്തി.

സർഗ വസന്തം

# കലയുടെ ചന്തം

ഉമ്മു റൈഹാൻ










'പുഴ ഒഴുക്ണ് ണ്ട്...'

കാലത്തിന്റെ നെഞ്ചിലൂടെ മൗനമായി പായുന്ന ജീവന്റെ ശ്വാസമായി, അതിന്റെ അനുസ്യൂതമായ പ്രവാഹം മനുഷ്യനോട് പറയുന്നു; നിൽക്കരുത്, നീയും മുന്നോട്ട് നീങ്ങുക!

'കാട് പൂക്ക്ണ് ണ്ട്...'

വരൾച്ചയെ അതിജീവിച്ച്, ഇലകൊഴിഞ്ഞ ശേഷം വീണ്ടും തളിർത്തും പൂത്തും കാട് മനോഹരമായ കാഴ്ചയൊരുക്കുന്നു. അതുപോലെ ജീവിതത്തിലെ പ്രതിസന്ധികളിൽ തളരാതെ, പുഞ്ചിരിയോടെ, പ്രതീക്ഷയോടെ നാം തലയുയർത്തി നിൽക്കണം.

'കിളി പാട്ണ് ണ്ട്...'

പ്രകൃതിയിലേക്കൊന്ന് കാതോർക്കൂ,  മനസ്സിന് കുളിർമ നൽകുന്ന, കിളികളുടെ പല ഈണങ്ങളിലുള്ള പാട്ടുകൾ കേൾക്കാം. നിരാശപ്പെട്ട് കഴിയേണ്ടതില്ല, സന്തോഷത്തിന്റെ, നല്ല നാളെയുടെ ചെറിയ സ്വരമെങ്കിയും കേൾക്കാൻ സാധിക്കും.

'വാനം മിനുങ്ങ്ണ് ണ്ട്...'

ഇരുളിന്റെ അറ്റത്ത് തെളിയുന്ന പ്രതീക്ഷയായി, മേഘങ്ങളുടെ മറവിൽനിന്ന് വരുന്ന ആ പ്രകാശം അന്ധകാരമെന്നത് ശാശ്വതമല്ല എന്ന് നമ്മെ ഓർമിപ്പിക്കുന്നു.

'ഭൂമി വിളിക്ക്ണ് ണ്ട്, അരികെ മനുഷ്യരുണ്ട്...'

മനുഷ്യന്റെ അശ്രദ്ധയാൽ മുറിവേറ്റ അവസ്ഥയിലാണിന്ന് ഭൂമി. നിസ്സഹായമായ ആ വിളി;  സംരക്ഷണം, സ്നേഹം, ഉത്തരവാദിത്ത നിർവഹണം എന്നിവയെല്ലാം ആവശ്യപ്പെടുന്ന മൗനമായ നിലവിളിയാണ്. എത്രയോ മനുഷ്യരിൽ നിന്നും ഈ നിലവിളി ഉയരുന്നുണ്ട്.

വിദ്യാർഥികളുടെ ബൗദ്ധിക, സാംസ്കാരിക, ആത്മീയ വളർച്ചയെ ലക്ഷ്യമിട്ട്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ചുവരുന്ന സൃഷ്ടിപരമായ വേദിയാണ് 'സർഗവസന്തം.' അറിവും ആവിഷ്കാരശേഷിയും ഇസ്‌ലാമിക മൂല്യങ്ങളുമായി സമന്വയിപ്പിച്ച് അവതരിപ്പിക്കാനുള്ള അവസരമാണ് ഈ പരിപാടി നൽകുന്നത്.

സംസ്കാരശൂന്യത വ്യാപകമായ സമകാലിക കലാവേദികളിൽനിന്നും മൂല്യമുള്ള സൃഷ്ടികളുടെ വേദിയായി ഇത് വേറിട്ട് നിൽക്കുന്നു. കലയും സാഹിത്യവും വിനോദത്തിന്റെയും ആകർഷണത്തിന്റെയും പരിധിയിൽ മാത്രം ഒതുങ്ങിപ്പോകുമ്പോൾ അവയുടെ സാമൂഹിക ഉത്തരവാദിത്തവും ആത്മീയ പ്രസക്തിയും നഷ്ടപ്പെടുന്നു എന്നതാണ് യാഥാർഥ്യം. ഇത്തരം പശ്ചാത്തലത്തിൽ, ഇസ്‌ലാമിക മൂല്യങ്ങളും നൈതിക ബോധവും

അടിസ്ഥാനമാക്കി സൃഷ്ടിപരമായ ആവിഷ്കാരങ്ങൾക്ക് വേദിയൊരുക്കുന്ന സർഗവസന്തം പ്രത്യേക പ്രാധാന്യം നേടുന്നു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന ഈ പരിപാടി, കലയും സാഹിത്യവും മനുഷ്യനെ മെച്ചപ്പെടുത്താനുള്ള ശക്തമായ ഉപാധികളാണെന്ന ആശയത്തെ മുൻ നിർത്തിയാണ് നടത്തിവരുന്നത്. ക്വുർആനിന്റെയും സുന്നത്തിന്റെയും പ്രകാശത്തിൽനിന്നുള്ള പ്രചോദനത്തോടെ വിദ്യാർഥികളുടെ കഴിവുകൾ സംസ്കാരപരവും ആത്മീയവുമായ അടിത്തറയിൽ ഉർത്താൻ സർഗവസ ന്തം ശ്രമിക്കുന്നു.

ഈ അധ്യയന വർഷത്തെ സംസ്ഥാനതല 'സർഗവസന്തം' 2026 ജനുവരി 24-25 തീയതികളിൽ മുക്കം ഗ്രീൻവാലി ക്യാമ്പസിൽ വെച്ചാണ് അരങ്ങേറിയത്. അറിവിന്റെ ലോകത്തിലേക്ക് യാത്രയാരംഭിച്ച 'ബഹ്ജ' കുരുന്നുകളുടെയും അതോടൊപ്പം മദ്റസ അധ്യാപകരുടെയും മത്സരങ്ങൾക്ക് ഇത്തവണ തുടക്കം കുറിച്ചത് ശ്രദ്ധേയമാണ്.

മദ്റസ വിദ്യാർഥികളുടെ വിവിധ മത്സരങ്ങൾക്കൊപ്പം നടന്ന 'പവർപോയിന്റ് പ്രസന്റേഷൻ,' 'പോസ്റ്റർ ഡിസൈൻ,' 'വീഡിയോ നിർമാണം,' 'ശബ്ദലേഖനം' തുടങ്ങിയവ അവരുടെ ക്രിയാത്മകതയെ തൊട്ടുണർത്തുന്നതായി. എല്ലാ തലങ്ങളിലും മത്സരാർഥികൾ ഉയർന്ന നിലവാരത്തിൽ പ്രോഗ്രാമുകൾ അവതരിപ്പിച്ചു. അറിവിനെയും ആവിഷ്കാരശേഷിയെയും ധാർമികാടിത്തറയിൽ സമന്വയിപ്പിച്ചുകൊണ്ടുള്ള അവതരണങ്ങൾ കുട്ടികളുടെ ജീവിതത്തെ സ്വാധീനിക്കാതിരിക്കില്ല. ഓരോ അവതരണവും തീവ്രമായ പരിശീലനത്തിന്റെ ഫലമാണെന്നതിൽ സംശയമില്ല. ഇസ്‌ലാമിക മൂല്യങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടും പ്രകടനമികവ് കൈവരിക്കാൻ കഴിയുമെന്ന സത്യം വിദ്യാർഥികൾ തെളിയിച്ചു.

ഒന്നിനൊന്നു മെച്ചമെന്നു ജഡ്ജസ് വിലയിരുത്തിയ വിവിധ പരിപാടികൾ അവസാനിച്ചപ്പോൾ ബഹ്ജ കാറ്റഗറിയിൽ മനാറുൽ ഹുദ മദ്റസ കൊച്ചന്നൂർ, അൽഹിക്മ മദ്റസ കുറുവ എന്നീ സ്ഥാപനങ്ങൾ ഓവറോൾ ചാമ്പ്യൻമാരായി.

മദ്റസ വിദ്യാർഥികളുടെ മത്സരത്തിൽ കാസർഗോഡ് ജില്ല ഒന്നാം സ്ഥാനവും, കണ്ണൂർ ജില്ല രണ്ടാം സ്ഥാനവും മലപ്പുറം ഈസ്റ്റ് ജില്ല മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

അക്ഷമയുടെയും തർക്കവിതർക്കങ്ങളുടെയും അസ്വാരസ്യങ്ങളില്ലാതെ, മത്സരാർഥികളും അധ്യാപകരും രക്ഷിതാക്കളും സംഘാടകരും വോളന്റിയർമാരും പക്വമായി നിലകൊണ്ടപ്പോൾ പരിപാടി വലിയ വിജയമായി മാറി.

സംഘാടകരുടെ കഠിനാധ്വാനവും കൂട്ടായ പ്രവർത്തനവും ഈ കലോൽസവത്തിന്റെ വിജയത്തിൽ നിർണായകമായ പങ്ക് വഹിച്ചു. വേദിയിൽ ദൃശ്യമായ പരിപാടികളുടെ വിജയത്തിനുമപ്പുറം, അവർ നടത്തിയ കഠിന പരിശ്രമങ്ങളും നിരന്തര ആസൂത്രണങ്ങളും ഈ സംരംഭത്തിന്റെ ആത്മാവാണെന്ന് പറയാം. സമയപരിമിതികളുടെയും സാഹചര്യപരിമിതികളുടെയും വെല്ലുവിളികളെ അതിജീവിച്ച്, ഉത്തരവാദിത്തബോധത്തോടെയും നാഥന്റെ പ്രീതി കാംക്ഷിച്ചു അവർ മുന്നേറിയതാണ് ഈ പരിപാടിയുടെ തിളക്കം വർധിപ്പിച്ചത്.

സാങ്കേതികവിദ്യ ദൗത്യബോധത്തോടുകൂടി ഉപയോഗിച്ച് ആശയങ്ങളെ ശക്തമായ സന്ദേശങ്ങളാക്കി മാറ്റിയ ഐടി, മീഡിയ പ്രവർത്തകർ ഈ പരിപാടിയുടെ വിജയത്തിൽ മറക്കാനാകാത്ത പങ്ക് വഹിച്ചു. ഓരോ പരിപാടിയും സുതാര്യമായി പ്രേക്ഷകരിലെത്തിക്കാൻ, ശബ്ദ-ദൃശ്യ സംവിധാനങ്ങൾ മുതൽ ഡിജിറ്റൽ സാങ്കേതികവിദ്യവരെയുള്ള മേഖലകളിൽ അവർ കാട്ടിയ സൂക്ഷ്മതയും കൃത്യതയും ശ്ലാഘനീയമാണ്.

കല മനുഷ്യന്റെ അന്തസ്സിനെ തരംതാഴ്ത്തേണ്ടതല്ല, ഉയർത്തേണ്ടതാണെന്ന യാഥാർഥ്യം ഓർമിപ്പിക്കുന്ന ഈ വേദി, സമകാലിക സമൂഹത്തിന് ധാർമിക വെളിച്ചമായിത്തീരുന്ന സർഗാത്മകതയുടെ വസന്തകാലം പോലെ, മനസ്സുകളെ ഉണർത്തിയും ചിന്തകളെ പ്രകാശിപ്പിച്ചും മുന്നേറട്ടെ എന്ന് പ്രത്യാശിക്കുന്നു. ■



# ഉമ്മ

ശാക്കിറ.ടി.കെ, കൊല്ലം

എന്നും കാലത്തെഴുന്നേറ്റ്
മടിയും പരിഭവമില്ലാതെ
നമ്മെയുണർത്തിയൊരുക്കുന്ന
നിറകനിവാണേ പൊന്നുമ്മ.

ഉദരം പേറിയ വേദനയും
പാല് ചുരത്തിയ സ്നേഹമതും
കരുണ നിറച്ചൊരു ലാളനയും
ഒന്നായ് ചേർന്നൊരു കനിവുമ്മ.

ഉമ്മതൻ കാലടിച്ചോട്ടിലാണ്
സ്വർഗമെന്നോതിയേ പുണ്യ റസൂൽ.
ഉമ്മയെ ധിക്കരിച്ചെങ്കിലെത്തും
നരകത്തിലെന്നും പറഞ്ഞു നബി.

ചെറുപ്പത്തിൽ നമ്മളെ പോറ്റിയ പോൽ
അവരിൽ നാം കരുണ ചൊരിഞ്ഞിടേണം
അവർക്കായി നാം ദുആ ചെയ്തിടേണം
എന്നത് റബ്ബിൻ വചനമല്ലോ.

റബ്ബിന്റെ തൃപ്തി ലഭിച്ചിടാനായ്
മാതാപിതാക്കൾ തൻ തൃപ്തി വേണം
ഉയരത്തിൽ എത്ര നാം എത്തിയാലും
ഉമ്മയാം നന്മ മറന്നിടല്ലേ.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

14 Years of Colourful Smiles

നിറമുള്ള പെരുന്നാളുകളിലും,
നീറിപ്പുകയുന്ന കുടുംബകങ്ങൾ..
ഒരു കുഞ്ഞുടുപ്പിനായി
ഈദ് കിസ്വകളെ
മാത്രം ആശ്രയിക്കുന്നവർ..

ഉള്ളതിൽ നിന്നൊരോഹരി
ഉള്ളറിഞ്ഞ് പകുത്തുനൽകാം..

# ഈദ് കിസ്വ



ഒരു കുട്ടിക്ക്
₹1300

**പണം അയക്കേണ്ട അക്കൗണ്ട് വിവരങ്ങൾ:**

| | |
|---|---|
| Bank Name | AXIS BANK |
| Customer Name | WISDOM ISLAMIC ORGANIZATION EDIFICE |
| Account No. | 921010054119382 |
| Branch | Kozhikode |
| IFSC Code | UTIB0000136 |

കൂടുതൽ വിവരങ്ങൾക്ക്
7560 902 902
എന്ന നമ്പറിൽ ബന്ധപ്പെടുക

Wisdom Islamic Students Organisation Kerala State Committee
CV Complex, PV Swami Road, Calicut

wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
07 February 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM
ISLAMIC ORGANIZATION

നോമ്പ്
തുറപ്പിക്കുക
പുണ്യം
നേടുക

# ഇഫ്ത്വാർ കിറ്റ



**DONATE US**

**Wisdom Islamic Organisation**
**Account No: 920010022468211**
**Axis Bank, Kallai Road Branch**
**IFSC UTIB0001908**

SCAN AND PAY

9567070031
7907182956

ഒരു കുടുംബത്തിന്
**₹1500**
താങ്കൾക്കും
ഈ മഹത്
സംരംഭത്തിൽ
പങ്കാളിയാകാം

Relief
.......without boundaries